18
2025
ജൂലൈ
വെള്ളി
കർക്കിടകം 2

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.185 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-185 പേജ് 4. വില 2.00 രൂപ

02 പുതിയ കെട്ടിടങ്ങൾ പൂർത്തിയാകുന്നു; വരുന്നത് 10,000 പുതിയ തൊഴിലവസരം

03 വിമാനാപകടം; സ്വിച്ചുകൾ ഓഫായതിൽ ക്യാപ്റ്റൻ സംശയനിഴലിൽ

04 ദേശീയ ശ്രദ്ധ നേടി ബിരിയാണിയും ഭക്ഷണ മെനുവും

# വറ്റ വിത്തുൽപാദനം മികച്ച സാങ്കേതികവിദ്യകളിൽ ഇടം നേടി സിഎംഎഫ്ആർഐ

കൊച്ചി: രാജ്യത്തെ മികച്ച അഞ്ച് ഫിഷറീസ് സാങ്കേതികവിദ്യകളിൽ ഇടംനേടി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഗവേഷണവും. ഉയർന്ന വിപണി മൂല്യമുള്ള സമുദ്രമത്സ്യമായ വറ്റയുടെ വിത്തുൽപാദന സാങ്കേതികവിദ്യയാണ് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) ഫിഷറീസ് സാങ്കേതികവിദ്യകളിൽ ആദ്യ അഞ്ചിൽ ഇടം പിടിച്ചത്. ഐസിഎആറിന്റെ 97-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശിവരാജ് സിംഗ് ചൗഹാൻ ഈ നൂതന സാങ്കേതികവിദ്യ ഔദ്യോഗികമായി പുറത്തിറക്കി.


വറ്റ മത്സ്യം

വറ്റയെ കൃത്രിമമായി പ്രജനനം നടത്തുന്നതിനുള ഈ സാങ്കേതികവിദ്യ രാജ്യത്തിന്റെ സുസ്ഥിര സമുദ്രകൃഷിയിൽ വലിയ മുന്നേറ്റത്തിന് വഴിതുറക്കുമെന്നതിനാലാണ് ഈ അംഗീകാരം. ആദ്യമായാണ് ഇവയുടെ വിത്തുൽപാദനം നടത്തുന്നത്. വറ്റയുടെ കൃഷി കൂടുതൽ ജനകീയമാക്കാമെന്നതാണ് ഈ സാങ്കേതികവിദ്യയുടെ പ്രാധാന്യം.

മറ്റ് പല മീനിനേക്കാളും വേഗത്തിൽ വളരാനും പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിക്കാനും ശേഷിയുള്ള മീനാണ് വറ്റ. കൂടുകളിൽ കടലിലും തീരദേശ ജലാശയങ്ങളിലും കൃഷി ചെയ്യാനാകും. കുറഞ്ഞ കാലയളവ് കൊണ്ട് മികച്ച വളർച്ചനേടുന്ന ആവശ്യക്കാരേറെയുള്ള മത്സ്യമാണിത്.

മാരികൾച്ചർ (സമുദ്രജല കൃഷി) രംഗത്ത് നിർണായകമാകുന്ന ഗവേഷണ നേട്ടമാണ് വറ്റയുടെ വിത്തുൽപാദന സാങ്കേതികവിദ്യയെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിലെ ഗവേഷകരാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്. കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയായിരുന്നു ഗവേഷണം. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരായ അംബരീഷ് പി ഗോപ്, ഡോ എം ശക്തിവേൽ, ഡോ ബി സന്തോഷ് എന്നിവർ നേതൃത്വം നൽകി.

ഇന്തോ-പസിഫിക് മേഖലയിൽ ഏറെ ആവശ്യക്കാരുള്ള വാണിജ്യസാധ്യതകൾ ഏറെയുള്ള മീനാണ് വറ്റ. മികച്ച മാംസവും രുചിയുമാണ് ഇവയെ മത്സ്യപ്രേമികൾക്ക് പ്രിയപ്പെട്ടതാക്കുന്നത്. കിലോക്ക് 400 മുതൽ 700 രൂപവരെ വിലയുണ്ട്. കുറഞ്ഞ കാലം കൊണ്ട് വലിയ വലിപ്പം കൈവരിക്കുന്ന മീനായതിനാൽ കൃഷിക്ക് ഏറെ അനുയോജ്യമാണ്. തീരദേശ റീഫുകളിലും ലഗൂണുകളിലും ഉൾക്കടലിലും ഇവയെ കണ്ടുവരുന്നു.

സിഎംഎഫ്ആർഐയുടെ പരീക്ഷണത്തിൽ, ഈ മീൻ കൂടുകൃഷിയിൽ അഞ്ച് മാസം കൊണ്ട് 500 ഗ്രാം വരെയും എട്ട് മാസം കൊണ്ട് ഒരു കിലോഗ്രാം വരെയും വളർച്ച നേടുന്നതായി കണ്ടെത്തിയിരുന്നു. പെല്ലെറ്റ് തീറ്റകൾ നൽകി പെട്ടെന്ന് കൃഷിചെയ്ത് വളർത്താവുന്ന മീനാണ് വറ്റ.

# കാരണവർ വധക്കേസ് പ്രതി ഷെറിൻ ജയിൽമോചിതയായി

കണ്ണൂർ : ഭാസ്കര കാരണവർ വധക്കേസിലെ പ്രതി ഷെറിൻ ജയിൽമോചിതയായി. പരോളിലായിരുന്ന ഷെറിൻ ഇന്നു കണ്ണൂർ സെൻട്രൽ ജയിലിലെത്തി നടപടികൾ പൂർത്തിയാക്കി. ഷെറിൻ അടക്കം ശിക്ഷ അനുഭവിച്ചിരുന്ന 11 പേരെ മേചിപ്പിക്കണമെന്നു ജനുവരിയിൽ മന്ത്രിസഭായോഗം ശുപാർശ ചെയ്തിരുന്നു. ഇത് ഗവർണർ അംഗീകരിച്ചതോടെയാണ് മോചനത്തിനു കളമൊരുങ്ങിയത്. പിന്നാലെ, സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുകയായിരുന്നു ഷെറിൻ.

തേവലക്കര സ്കൂളിൽ മിഥുൻ എത്തിയത് ഒരു മാസം മുൻപ്; മകൻ മരിച്ചതറിയാതെ അമ്മ, പൊട്ടിക്കരഞ്ഞ് പിതാവ്

ഷെറിനെ വിട്ടയയ്ക്കാനുള്ള തീരുമാനം വിവാദമായതോടെ അത് സർക്കാർ താൽക്കാലികമായി മരവിപ്പിച്ചിരുന്നു. ഷെറിന് തുടർച്ചയായി പരോൾ കിട്ടിയതും ജയിലിൽ സഹതടവുകാരുമായി ഏറ്റുമുട്ടിയതു വാർത്തയായതും വിവാദമായതോടെയാണ് മോചനനീക്കം വൈകിയത്. സർക്കാർ ശുപാർശ സമർപ്പിച്ച ശേഷവും ജയിലിൽ പ്രശ്നം സൃഷ്ടിച്ചതും തിരിച്ചടിയായി. വിവാദമടങ്ങിയശേഷമാണു മന്ത്രിസഭാ തീരുമാനം ഗവർണർക്ക് അയച്ചത്.

2009 നവംബർ എട്ടിനാണ് ചെങ്ങന്നൂർ ചെറിയനാട് കാരണവേഴ്സ് വില്ലയിലെ ഭാസ്കര കാരണവർ (66) വീട്ടിൽവച്ചു കൊല്ലപ്പെട്ടത്. മകന്റെ ഭാര്യ ഷെറിനായിരുന്നു ഒന്നാം പ്രതി. ഷെറിന്റെ സുഹൃത്ത് കുറിച്ചി സ്വദേശി ബാസിത് അലി, ഇയാളുടെ സംഘത്തിലെ കളമശ്ശേരി സ്വദേശി നിഥിൻ, ഏലൂർ സ്വദേശി ഷാനു റഷീദ് എന്നിവരായിരുന്നു മറ്റു പ്രതികൾ.

# കൊല്ലത്ത് ഷോക്കേറ്റ് വിദ്യാർഥി മരിച്ചു; അപകടം വൈദ്യുതി കമ്പിയിൽ തട്ടി

കൊല്ലം: തേവലക്കരയിൽ വിദ്യാർഥി സ്കൂളിൽ ഷോക്കേറ്റ് മരിച്ചു. എട്ടാം ക്ലാസ് വിദ്യാർഥി വിളന്കറ സ്വദേശി മിഥുൻ (13) ആണ് മരിച്ചത്. സ്കൂളിലെ കെട്ടിടത്തിന് മുകളിൽ വീണ ചെരിപ്പെടുക്കാൻ ശ്രമിക്കുമ്പോൾ മിഥുന് ഷോക്കേൽക്കുകയായിരുന്നുവെന്നാണ് വിവരം.

വ്യാഴാഴ്ച രാവിലെ 9.15 ഓടെയായിരുന്നു സംഭവം. കളിക്കുന്നതിനിടയിൽ ചെരിപ്പ് സൈക്കിൾ ഷെഡിന് മുകളിൽ വീണു. ചെരുപ്പ് എടുക്കാൻ സമീപത്തെ കെട്ടിടത്തിൽ കയറി മുകളിലൂടെ നടന്നു പോകുന്നതിനിടയിൽ കാൽ വഴുതി അതുവഴി കടന്നുപോയ വൈദ്യുത ലൈനിലേക്ക് വീഴുകയായിരുന്നു. ലൈനിൻ പിടിച്ചതോടെ ഷോക്കേൽക്കുകയായിരുന്നു. സംഭവമറിഞ്ഞെത്തിയ അധ്യാപകർ ഓടിയെത്തി അകലെയുള്ള ട്രാൻസ്ഫോർമറിന്റെ ഫ്യൂസ് ഊരി രക്ഷിക്കാൻ ശ്രമിച്ചു. തേവലക്കര കെഎസ്ഇബി ഉദ്യോഗസ്ഥരും പെട്ടെന്ന് നടപടികൾ നീക്കി ഫീഡർ ഓഫ് ചെയ്തു. അധ്യാപകർ മുകളിൽ കയറി മിഥുനെ താഴെയിറക്കി ശാസ്താംകോട്ട താലൂക്കാശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പിതാവ്: മനോജ്, മാതാവ്: സുജി (ഗൾഫ്), സഹോദരൻ: സുജിൻ. സംഭവത്തിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി റിപ്പോർട്ട് തേടി.

# ബ്രഹ്മപുരം അഴിമതിയിലെ കറണ്ടുമോഷണം: പദ്മരാജനെ ഓർമ്മിക്കുമ്പോൾ

**യേശുദാസ് വില്യം**

പദ്മരാജൻ വക്കീലിനെ കണ്ടും കേട്ടും വളർന്നതായിരുന്നു എന്റെ പ്രീഡിഗ്രി കാലഘട്ടം. പ്രത്യേകിച്ചു കൊല്ലത്തെ തെരഞ്ഞെടുപ്പ് സമയം. അന്നു സി. വി പദ്മരാജൻ എന്ന രാഷ്ട്രീയ നേതാവ് മറ്റെതൊരു രാഷ്ട്രീയ നേതാവിനെപ്പോലെയും ദൂരക്കാഴ്ച മാത്രമായിരുന്നു. നേരത്തെ പറഞ്ഞ വക്കീൽ പ്രയോഗം കലാകൗമുദിക്കാലത്തു എംഎസ് മണി സാറിൽ നിന്നും കേട്ടിട്ടുള്ളതാണ്. ഇന്നലെ സി. വി. പദ്മരാജന്റെ വിയോഗം അറിഞ്ഞപ്പോൾ ഓർമ്മവന്ന ചിലതു ഈ അവസരത്തിൽ പറഞ്ഞില്ലെങ്കിൽ പിന്നെപ്പോൾ. . കൊല്ലത്ത് എൺപതുകളിൽ വിഷ്ണത്തുകാവിലുള്ള എന്റെ ബന്ധുവിന്റെ വീട്ടൽ സി. വി. പഌദ്മരാജൻ മധ്യസ്ഥ ചർച്ചക്കായി കടവൂർ ശിവദാസനോടൊപ്പം വന്നതു അടുത്തു നിന്നു കണ്ടിട്ടുണ്ട്. അതുകഴിഞ്ഞാൽ കോളേജു പഠനക്കാലത്ത് പങ്കെടുത്ത കോച്ചിംഗ് ക്ലാസിൽ സുഹൃത്തായിരുന്ന ആശ സി. വിപദ്മരാജന്റെ ജ്യേഷ്ഠന്റെ മകളായിരുന്നു. ഇത്രയുമായിരുന്നു സി. വി. പദ്മരാജനുമായി എനിക്കുള്ള ഓർമ്മകൾ. എന്നാൽ ഇതൊന്നുമല്ലാത്തൊരു സംഭവം എന്റെ മാധ്യമപ്രവർത്തന ജീവിതത്തിൽ വന്നു ഭവിച്ചു.`അതാണീ കുറിപ്പിനാധാരം.





വർഷങ്ങൾക്കു മുമ്പാണ്. ഒരു ചിങ്ങമാസം ഒന്നാം തീയ്യതി തിങ്കളാഴ്ച. രാവിലെ അന്നു കേരളകൗമുദി എക്സിക്യൂട്ടീവ് എഡിറ്ററും, അടുത്ത ജ്യേഷ്ഠ സുഹൃത്തുമായിരുന്ന ബി. സി. ജോജോ ഫോണിൽ വിളിക്കുന്നു`അടിയന്തിരമായി കേരളകൗമുദി ഓഫീസിലേക്കു വരണം. ഞാൻ ആനയറയിൽ നിന്നും എന്റെ യമഹാ ആർ. എക്സ് 100 ൽ പറന്നു പേട്ടയിലെ ഓഫീസിൽ എത്തുന്നു. പത്രമാഫീസിൽ ആരും വന്നു തുടങ്ങിയിട്ടില്ല. ജോജോ മണിസാറിന്റെ മുറിയിലാണ് ഇരുന്നത്. കയറിച്ചെന്നപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ പുതിയ ലക്കം കലാകൗമുദി ഉണ്ട്. ഇതിൽ നിന്റെയൊരു കവർ സ്റ്റോറിയുണ്ട് എന്നും പറഞ്ഞുകൊണ്ട് അതു ജോജോ വായിക്കുവാൻ തുടങ്ങി. തുടക്കം അയ്യപ്പപണിക്കരുടെ കള്ളൻ എന്ന കവിതയിലെ നാലുവരിയാണ്. തുടർന്നങ്ങോട്ടു ബ്രഹ്മപുരം ഡീസൽ നിലയത്തെ സംബന്ധിച്ചുള്ള അഴിമതിയെക്കുറിച്ചുമായിരുന്നു. കവർ ചിത്രത്തിലെന്നപോലെ കോടികളുടെ അഴിമതിയുടെ കുന്തമുന നീണ്ടു ചെന്നത് സി. വി. പത്മരാജനിലേക്കും. എന്നിലേക്കു നീട്ടിയ കലാകൗമുദി വാരിക മറിച്ചുകൊണ്ടിരുന്നപ്പോൾ മനസ്സിൽ എന്തോ ഒരു വല്ലായ്മ തോന്നി. കാരണം എന്റെ അറിവില്ലാതെ ഒരു ലേഖനം ജോജോ എന്റെ ബൈലൈനിൽ എഴുതിയിരിക്കുകയാണ് അതുംവലിയൊരു രാഷ്ട്രീയ നേതാവിനെതിരെയുള്ള അഴിമതിയാരോപണവും ഇതു കണ്ടപ്പോൾ ഒരു ഭാരം ചുമക്കുന്നവനെപ്പോലെ സ്വയം തോന്നി. എന്നാൽ ഞാനൊന്നും പറഞ്ഞില്ല. അന്നു കലാകൗമുദിയുടെ എക്സിക്യൂട്ടിവ് എഡിറ്റർ പ്രസാദ് ലക്ഷ്മൺ ആണ്. എന്നാൽ എഡിറ്റോറിയൽ മീറ്റിംഗുകളിൽ ബി. സി. ജോജയും പങ്കെടുക്കുമായിരുന്നു. ആ കാലയളവിൽ നിരവധി വിവാദമായ രാഷ്ട്രീയ ലേഖനങ്ങൾ ഇടതുപക്ഷ നേതാക്കൾക്കെതിരെ കലാകൗമുദിയിൽ അച്ചടിച്ചുവന്നിരുന്നു. അങ്ങിനെ ജോജോയുടെ സ്വാധീനത്തിൽ അക്കാലത്തുവന്ന കവർ സ്റ്റോറികളിലൊന്നാണ് ”തോമസ് ഐസക് ഒരു ടൈംബോംബ്” കെ. ബാലചന്ദ്രൻ മലപ്പുറം സമ്മേളനത്തിനു മുമ്പ് എഴുതിയ ‘പിണറായിൽ നിന്നു മലപ്പുറം വഴി പിണറായിയിലേക്ക്‘ എന്ന വിഖ്യാത രാഷ്ട്രീയ ലേഖനം.

രാഷ്ട്രീയ നിരീക്ഷണങ്ങളും, ലേഖനങ്ങളുമൊന്നും എഴുതി ഇരുത്തംവന്ന ആളായിരുന്നില്ല ഞാൻ. ചലച്ചിത്ര വാർത്തകളും, സിനിമയിലെ താരങ്ങളുടെ കഥകളുമൊക്കെയായി അങ്ങെനെ പോകുന്ന കാലം. അന്നു ജോജോ പറഞ്ഞു നിന്നെ ഞാൻ രാഷ്ട്രീയ ലേഖകനാക്കാം എന്ന്. യേശു മുക്കുവനായ പത്രോസിനോടു മനുഷ്യരെ പിടിക്കുന്നവനാക്കാം എന്നു പറഞ്ഞത് ഓർത്തു.

വീണ്ടും ജോജോയുടെ ശബ്ദം ഉയർന്നു. 'നീ ഉടൻ തന്നെ സി. വി പദ്മരാജനെ വിളിക്കണം. എന്നിട്ടു നേരിട്ടു ഈ വീക്കിലി കൊണ്ടു കൊടുക്കണം'. ഞാൻ പറഞ്ഞതുപോലെ വിളിച്ചു.പദ്മരാജന്റെ പതിഞ്ഞ ശബ്ദം ആദ്യമായി കേട്ടു. അദ്ദേഹം വീട്ടിലേക്കു വരാൻ പറഞ്ഞു. ഞാൻ താമസിക്കുന്ന ആനയറയെന്ന സ്ഥലത്തിനടുത്തു തന്നെയായിരുന്നു. അന്നു പദ്മരാജൻതാമസിച്ചിരുന്നത്. അങ്ങിനെ ചിങ്ങം ഒന്നിനു രാവിലെ ഞാൻ അദ്ദേഹം നടത്തിയെന്നാരോപിക്കുന്ന ബ്രഹ്മപുരം അഴിമതിയുടെ ലേഖനം എന്റെ ബൈ ലൈനിൽ അച്ചടിച്ച കലാകൗമുദിയുമായി ആ വീട്ടിൽ ചെന്നു കയറി. ഒന്നാം തീയ്യതി വന്ന അതിഥിയെ സ്നേഹപൂർവ്വം അകത്തേക്കു ക്ഷണിച്ചിരുത്തി ആ സൗമ്യനായ രാഷ്ട്രീയക്കാരൻ. ഞാൻ എന്റെ കൈയ്യിലിരുന്ന കലാകൗമുദി നൽകി. അദ്ദേഹത്തിന്റെ കവർ ചിത്രമുള്ള സ്റ്റോറി ആ ഇരിപ്പിൽ വായിച്ചു തീർത്തു എന്നിട്ടു തല ഉയർത്തി. അദ്ദേഹത്തിന്റെ മുഖത്തു കരുവാളിപ്പുണ്ടോ എന്നറിയാൻ പറ്റില്ലല്ലോ. ഞാൻ ഇരുന്നു. അദ്ദേഹം പറഞ്ഞു. 'മണി ഇങ്ങെനെ ചെയ്യില്ലന്ന് എനിക്കറിയാം, ഇതാരാണു ചെയ്തതെന്നും എനിക്കറിയാം. പദ്മരാജൻ താഴ്ന്ന സ്വരത്തിൽ ചിരിച്ചു കൊണ്ടു പറഞ്ഞു. ”ഇത് എഴുതിയ ആളിന്റെ അമ്മാവന് കൊല്ലത്ത് ബിസ്സിനസ്സ് സ്ഥാപനമുണ്ട് അവിടുത്തെ കറണ്ടുമോഷണം വിജിലൻസ് പിടിച്ചു. മന്ത്രിയായ എന്നോട് സഹായത്തിനു വന്നിരുന്നു. എനിക്ക് എന്തു ചെയ്യാൻ പറ്റും. ഞാൻ നിസ്സഹായനാണന്നു പറഞ്ഞു ഒഴിവാക്കി. ഇക്കാര്യം നാട്ടിലൊക്കെ പോസ്റ്റർ ഒട്ടിച്ചുംമറ്റും പരസ്യമായി. അതിന്റെ ക്ഷീണം തീർക്കാനുള്ള മറുപടിയാണിത്'. ഞാൻ അന്തം വിട്ടിരുന്നു അദ്ദേഹം പറയുന്നതു കേട്ടു. എന്നിട്ടു തിരികെ കേരളകൗമുദിക്കു മുമ്പിലെത്തുമ്പോൾ ജോജോ കാത്തു നിൽക്കുന്നു. കലാകൗമുദി കണ്ടിട്ട് എന്തു പറഞ്ഞുവെന്നറിയാനുള്ള ആകാംക്ഷയായിരുന്നു. ഞാനപ്പോൾ കറണ്ടു മോഷണത്തിന്റെ കഥ പറഞ്ഞു. ജോജോ ഉറക്കെ ചിരിച്ചു. രാഷ്ടീയ പത്രപ്രവർത്തനത്തിന്റെ അപൂർവ്വമായ ജ്ഞാനം ഞാനാ ചിരിയിൽകേട്ടു. ബി. സി. ജോജോ മരിച്ചു പോയിട്ട് ഒരു വർഷം കഴിഞ്ഞു. ഇപ്പോൾ സി. വി പദ്മരാജനും പോയി ആ സ്ഥിതിക്കു ഞാനിതു പറഞ്ഞില്ലെങ്കിൽ പിന്നാരു പറയുവാനാണ്. ജോജോയുടെ സാന്നിദ്ധ്യത്തിൽ ഇരുവരുടെയും സുഹൃത്തായ ജോൺമുണ്ടക്കയത്തോട് ഇക്കാര്യം പറഞ്ഞിരുന്നു. അന്നു കുറച്ചു നേരം നിശബ്ദനായിരുന്നിട്ട് അദ്ദേഹം സ്ഥലം വിട്ടു.

# വിശദമായി അന്വേഷിക്കുമെന്ന് മന്ത്രി കൃഷ്ണൻകുട്ടി; വിദ്യാഭ്യാസ ബന്ദ് പ്രഖ്യാപിച്ച് കെഎസ്‌യുവും എബിവിപിയും

തിരുവനന്തപുരം: സ്കൂളിൽ ഷോക്കേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടി. കെഎസ്ഇബി ഡെപ്യൂട്ടി ചീഫ് എൻജിനീയർക്കും ചീഫ് ഇലക്ട്രിക് ഇൻസ്പെക്ടർക്കും അന്വേഷിക്കാൻ ഉത്തരവ് നൽകിയെന്ന് മന്ത്രി അറിയിച്ചു. ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയിട്ടുണ്ട്. രണ്ട് മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കും. കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

അധികൃതരുടെ അനാസ്ഥയെന്ന് ആരോപിച്ച് കൊല്ലം ജില്ലയിൽ വെള്ളിയാഴ്ച കെഎസ്‌യു, എബിവിപി വിദ്യാഭ്യാസ ബന്ദ് പ്രഖ്യാപിച്ചു.

സംഭവം വിദ്യാഭ്യാസ-വൈദ്യുതി വകുപ്പുകളുടെ മാപ്പർഹിക്കാത്ത അനാസ്ഥയാണെന്ന് എബിവിപി സംസ്ഥാന ജോയിൻറ് സെക്രട്ടറി ഗോകുൽ കൃഷ്ണൻ പറഞ്ഞു. ആശ്വാസവാക്കുകളും സോഷ്യൽമീഡിയ ഗിമ്മിക്കുകളുമല്ല. മിഥുന്റെ മരണത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നരഹത്യയ്ക്ക് കേസെടുക്കണമെന്നും കൊല്ലം ജില്ലയിൽ നാളെ എബിവിപി വിദ്യാഭ്യാസബന്ദ് ആഹ്വാനം ചെയ്തതായും ഗോകുൽ പ്രസ്താവനയിൽ പറഞ്ഞു.

# നടിയെ ആക്രമിച്ച കേസ്: അന്തിമവിചാരണ ഇന്നും തുടരും

കൊച്ചി: നടിയെ ആക്രമിച്ച് അശ്ലീല ദൃശ്യങ്ങൾ പകർത്തിയ കേസിലെ അന്തിമവിചാരണ ഇന്നും തുടരും. വാദത്തിനിടെ കൂടുതൽ കാര്യങ്ങൾ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രോസിക്യൂഷൻ കോടതിയെ സമീപിച്ചിരുന്നു. കോടതി സമയം നൽകിയതോടെ പ്രോസിക്യൂഷൻ വാദമാണ് നിലവിൽ തുടരുന്നത്.

ഇക്കാര്യങ്ങളിലെ മറുപടി അറിയിക്കാൻ പ്രതിഭാഗത്തിന്റെ വാദവും കോടതിയിൽ നടക്കും. വിചാരണ അന്തിമ ഘട്ടത്തിലായതിനാൽ ഇരുവിഭാഗങ്ങളുടെ വാദം പൂർത്തിയാക്കി അടുത്ത മാസം പകുതിയോടെ കേസിൽ വിധി പറയുമെന്നാണ് പ്രതീക്ഷ.

കേസിൽ നടൻ ദിലീപ് അടക്കമുള്ളവരാണ് പ്രതികൾ. 2017 ലാണ് നടി ഓടിക്കൊണ്ടിരിക്കുന്ന കാറിൽ അപമാനിതയായത്. കേസുമായി ബന്ധപ്പെട്ട് ജയിലിലായിരുന്ന ദിലീപും പൾസർ സുനിയുമടക്കമുള്ളവർ ഇപ്പോൾ ജാമ്യത്തിലാണ്. 2024 സെപ്റ്റംബറിലാണ് നടിയെ ആക്രമിച്ച കേസിൽ സുനി ജാമ്യത്തിൽ പുറത്ത് ഇറങ്ങിയത്. കർശന വ്യവസ്ഥകളോടെയാണ് പൾസർ സുനിക്ക് കോടതി ജാമ്യം അനുവദിച്ചിട്ടുള്ളത്.

# പുതിയ കെട്ടിടങ്ങൾ പൂർത്തിയാകുന്നു; വരുന്നത് 10,000 പുതിയ തൊഴിലവസരം

ടെക്നോപാർക്കിന്റെ 35 വർഷം ആഘോഷിക്കുന്ന വേളയിൽ നിരവധി പുതിയ പദ്ധതികളാണ് പൂർത്തിയാകുന്നത്. ആറ് കെട്ടിടങ്ങൾ കൂടി യാഥാർത്ഥ്യമാകുമ്പോൾ പുതിയ പതിനായിരം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ജൂലൈയിൽ കൊമേഷ്യൽ കം ഐടി കെട്ടിടം (50,000 സ്ക്വയർ ഫീറ്റ്), ആഗസ്റ്റിൽ ബ്രിഗേഡ് സ്ക്വയർ (1.85 ലക്ഷം സ്ക്വയർ ഫീറ്റ്), ഭവാനി റൂഫ് ടോപ്പ് (8000 സ്ക്വയർ ഫീറ്റ്), നിള റൂഫ് ടോപ്പ് (22,000 സ്ക്വയർ ഫീറ്റ്), ഡിസംബറിൽ പ്രീഫാബ് കെട്ടിടം (50,000 സ്ക്വയർ ഫീറ്റ്), 2026 ജനുവരിയിൽ ടിസിഎസ് ഐടി/ഐടിഇഎസ് ക്യാമ്പസ് (5 ലക്ഷം സ്ക്വയർ ഫീറ്റ്) എന്നിവയാണ് പൂർത്തിയാകുന്നത്.

എംബസി ടോറസുമായി സഹകരിച്ചുള്ള ടോറസ് ഡൗൺടൗൺ ട്രിവാൻഡ്രം, ബ്രിഗേഡ് എന്റർപ്രൈസസുമായി ചേർന്ന് ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ, ടെക്നോപാർക്കിന്റെ സ്വന്തം ടൗൺഷിപ്പ് പദ്ധതിയായ ക്വാഡ് തുടങ്ങിയ വൻകിട ടൗൺഷിപ്പുകളിലൂടെ ടെക്നോപാർക്കിനെ അടുത്ത തലമുറ ടെക് ഹബ്ബാക്കി നവീകരിക്കും. ഐടി/ഐടിഇഎസ് ഇടങ്ങൾ, റെസിഡൻഷ്യൽ ഏരിയകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിനോദ സൗകര്യങ്ങൾ എന്നിവ സംയോജിപ്പിച്ച് വാക്ക് ടു വർക്ക് മോഡലാണ് ഈ പദ്ധതികളിലൂടെ വിഭാവനം ചെയ്യുന്നത്. വിദേശ രാജ്യങ്ങളിലുള്ള ലിവ്-വർക്ക്-പ്ലേ സമീപനമാണ് ഇതിലൂടെ ആവിഷ്കരിക്കുന്നത്. യാത്രാദൂരം കുറയ്ക്കുക, ഒരേ പരിസരത്ത് താമസം, ജോലി, ഒഴിവുസമയ ആവശ്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ വർക്ക് ലൈഫ് ബാലൻസ് എന്ന സമൂഹബോധം വളർത്തുകയാണ് ലക്ഷ്യം. ടെക്നോപാർക്ക് ഫേസ് 1 ലും 3 ലും, 4 ലും (ടെക്നോസിറ്റി) ആണ് ഈ മെഗാ പദ്ധതികൾ വരുന്നത്.1990 ജൂലൈ 28ന് തിരുവനന്തപുരം കാര്യവട്ടത്തെ വൈദ്യൻ കുന്നിലാണ് ടെക്നോപാർക്കിന് ശിലയിടുന്നത്. 35 വർഷം പൂർത്തിയാകുമ്പോൾ സംസ്ഥാന ഐടി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ജൂലൈ 28ന് ആരംഭിക്കുന്ന പരിപാടികൾ 'ടെക് എ ബ്രേക്ക്' മെഗാ സാംസ്കാരിക പരിപാടിയോടെ അടുത്ത വർഷം ജൂലൈയിൽ അവസാനിക്കും.

ടെക്നോപാർക്കിൽ 5 ഫെയ്സുകളിലായി 500 കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നു. 760 ഏക്കർ വിസ്തൃതിയുള്ള അഞ്ച് വികസന ഫേസുകളിൽ ഏകദേശം 80,000 ഐടി പ്രൊഫഷണലുകൾ തൊഴിലെടുക്കുന്നു. ടെക്നോപാർക്കിലെ ജീവനക്കാരിൽ 45 ശതമാനം സ്ത്രീകളാണ്. ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണിത്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് മുൻതൂക്കം നൽകി ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും തുല്യ അവസരങ്ങൾ കമ്പനികളിൽ ഉറപ്പാക്കുന്നു. കഴിഞ്ഞ നാല് വർഷമായി ഇഞകടകഘ അ+/സ്റ്റേബിൾ റേറ്റിംഗ് നിലനിർത്തിക്കൊണ്ട് ടെക്നോപാർക്ക് സാമ്പത്തികമായും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നുണ്ട്.

ഇൻഫോസിസ്, യുഎസ്ടി, ടിസിഎസ്, അലയൻസ്, ഗൈഡ്ഹൗസ്, ഐബിഎസ്, നിസ്സാൻ ഡിജിറ്റൽ, ഒറാക്കിൾ, എച്ച്സിഎൽ ടെക്, ആക്സഞ്ചർ, ക്വസ്റ്റ് ഗ്ലോബൽ, എച്ച് ആൻഡ് ആർ ബ്ലോക്ക്, ടാറ്റ എൽക്സി, ക്യുബർസ്റ്റ്, സ്ഫെരിഡിയൻ, ആർആർ ഡൊണെല്ലി, അർമാഡ, ടൂൺസ് ആനിമേഷൻ തുടങ്ങി ബഹുരാഷ്ട്ര കമ്പനികൾ മുതൽ സ്റ്റാർട്ടപ്പുകൾ വരെ നിലവിലുള്ള 500 കമ്പനികളിൽ ഉൾപ്പെടുന്നു.കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം), ഐസിടി അക്കാദമി ഓഫ് കേരള (ഐസിടിഎകെ), ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (ഡിയുകെ), കേരള സ്പേസ് പാർക്ക്, ഡിജിറ്റൽ സയൻസ് പാർക്ക്, സ്റ്റേറ്റ് ഡാറ്റ സെന്റർ, ഫാബ് ലാബ്സ്, എമർജിംഗ് ടെക്നോളജി ഹബ്ബ്, കേരള ഡിഫൻസ് ഇന്നൊവേഷൻ സോൺ തുടങ്ങിയ സർക്കാർ നേതൃത്വത്തിലുള്ള ഇന്നൊവേഷൻ - സ്കിൽ ഡെവലപ്മെന്റ് സ്ഥാപനങ്ങളുടെയും കേന്ദ്രമാണിത്.ഇ & വൈ, അലയൻസ്, നിസ്സാൻ ഡിജിറ്റൽ, ഇൻസൈറ്റ്, എച്ച് & ആർ ബ്ലോക്ക്, ഇക്വിഫാക്സ്, ഗൈഡ്ഹൗസ്, ഐക്കൺ, സഫ്രാൻ, ആർഎം എഡ്യൂക്കേഷൻ, ആക്സെഞ്ചർ, എച്ച്സിഎൽ ടെക് തുടങ്ങിയ ഗ്ലോബൽ കപ്പാസിറ്റി സെന്ററുകളുടെ പ്രിഫേഡ് ഡെസ്റ്റിനേഷനാണ് ടെക്നോപാർക്ക്.

# കലിതുള്ളി പെരുമഴ; വടക്കൻ ജില്ലകളിൽ വ്യാപകനാശം, മരുതോങ്കരയിൽ ഉരുൾപൊട്ടൽ

കോഴിക്കോട്: സംസ്ഥാനത്ത് ശക്തമായ മഴയിൽ വടക്കൻ ജില്ലകളിൽ വ്യാപക നാശം. കോഴിക്കോട് മരുതോങ്കര പഞ്ചായത്തിലെ തൃക്കന്തോട് ഉരുൾപൊട്ടി. ജനവാസമേഖലയിൽ അല്ലാത്തതിനാൽ അപകടമൊഴിവായി. മരുതോങ്കര പശുക്കടവ് മേഖലകളിൽ നിന്നും 13 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

കോഴിക്കോട് കുറ്റ്യാടി ചുരം വഴിയുള്ള ഗതാഗതം മണ്ണിടിഞ്ഞ് വീണ് പൂർണമായും തടസപ്പെട്ടു. വിലങ്ങാട് പാലത്തിൽ വെള്ളം കയറി. പുല്ലുവ പുഴയിൽ ജലനിരപ്പ് ഉയർന്നു. കടന്തറ പുഴയിൽ മലവെള്ള പാച്ചിലുണ്ടായി. കോഴിക്കോട് ചെമ്പനോടയിൽ നിന്നും 13 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. പെരുവണ്ണാമൂഴി, ചെമ്പനോട പാലത്തിൽ വെള്ളം കയറി. തൊട്ടിൽപ്പാലം പുഴയിലും മലവെള്ള പാച്ചിലുണ്ടായി. ദേശീയപാതയിൽ കോഴിക്കോട് കൊല്ലഗൽ റോഡിൽ ഈങ്ങാപ്പുഴയിൽ റോഡിൽ വെള്ളം കയറി. വിഷ്ണുമംഗലം ബണ്ട് കവിഞ്ഞൊഴുകി. സമീപ പ്രദേശങ്ങളായ ചെറുമോത്ത് റോഡിൽ വെള്ളം കയറി ഗതാഗതം തടസപെട്ടു. കരിങ്ങാട്, കൈവേലി റോഡിൽ മണ്ണിടിഞ്ഞ് വീണ് ഗതാഗതം തടസപെട്ടു. കുറ്റ്യാടി മരുതോങ്കര, കൂരാച്ചുണ്ട് മേഖലയിലും ശക്തമായ മഴ പെയ്തു. താമരശേരി ചുരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണമേർപ്പെടുത്തി. നേരത്തെ ഉരുൾപ്പൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽ മല മേഖലകളിൽ പ്രവേശനം നിരോധിച്ചു. കണ്ണൂർ തുടിക്കാട്ട് കുന്നിൽ മണ്ണിടിച്ചിലുണ്ടായി. ഇതോടെ, കുന്നിന് മുകളിൽ താമസിക്കുന്നവരെ മാറ്റി. ചാവശ്ശേരി-ഇരിക്കൂർ റോഡിൽ ഗതാഗത തടസമുണ്ടായി. മട്ടന്നൂർ ചാവശേരിയിൽ നിന്നും പഴശി ഡാം വഴി ഇരിക്കൂറിലേക്ക് പോകുന്ന റോഡിൽ വാഹന ഗതാഗതം തടസപ്പെട്ടു. കാസർഗോഡ് ചിത്താരിക്ക് അടുത്ത് റെയിൽവേ ഗേറ്റ് മുറിയിൽ വെള്ളം കയറി.

പാലക്കാട് അലനല്ലൂർ എടത്തനാട്ടുകര പാതയിൽ കണ്ണംകുണ്ട് പാലത്തിൽ വെള്ളം കയറി. പാലത്തിലൂടെയുള്ള വാഹന ഗതാഗതം നിർത്തി.

# ദേശീയ പണിമുടക്ക്; കെഎസ്ആർടിസിക്ക് നഷ്ടം 4.7 കോടിയെന്ന് ഗതാഗത മന്ത്രി

തിരുവനന്തപുരം: ദേശീയ പണിമുടക്കിനെ തുടർന്ന് കെഎസ്ആർടിസിക്ക് 4.7 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാർ. പണിമുടക്കിന്റെ പശ്ചാത്തലത്തിൽ കെഎസ്ആർടിസിക്ക് വന്ന നഷ്ടം നികത്താൻ മാർഗങ്ങളൊന്നുമില്ലെന്നും പോയത് പോയിയെന്നും അദ്ദേഹം പറഞ്ഞു. അന്നത്തെ ദിവസം അവധിയെടുത്ത ജീവനക്കാർക്ക് ശമ്പളം കൊടുക്കേണ്ട, ഡീസൽ ചിലവില്ല എന്ന ആശ്വാസം മാത്രമെന്നും മന്ത്രി പറഞ്ഞു.

ആളുകളെ വഴിയിൽ തടഞ്ഞുള്ള സമരത്തോട് തനിക്ക് യോജിപ്പില്ലെന്നും തന്റെ പാർട്ടിയുടെ കാഴ്ചപ്പാട് അതാണ്. തൊഴിലാളികൾ സമരം നടത്തിയത് ന്യായമാണ്. പക്ഷേ യാത്ര തടഞ്ഞുള്ള സമരത്തോട് യോജിപ്പില്ലെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു.

പണിമുടക്ക് ദിവസം കെഎസ്ആർടിസി ബസ് ഓടിക്കുമെന്ന് മന്ത്രി പറഞ്ഞത് വിമർശനത്തിന് ഇടയാക്കിയിരുന്നു.

ഈ മാസം 22 മുതൽ പ്രഖ്യാപിച്ച അനിശ്ചിതകാല സമരത്തിൽ നിന്ന് ബസ് ഓപ്പറേറ്റഴ്സ് ഫോറം പിന്മാറിയെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

മറ്റുള്ളവർ സമരവുമായി മുന്നോട്ട് പോവുകയാണ്. 99 ശതമാനം ആവശ്യങ്ങളിലും ധാരണയായെന്നും സമരം തുടരാൻ തീരുമാനിച്ചവരുമായി വീണ്ടും ചർച്ച നടത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# വിപഞ്ചികയുടെ മൃതദേഹം നാട്ടിലെത്തിക്കും, കുഞ്ഞിനെ ഷാർജയിൽ സംസ്കരിക്കും; ഹർജി തീർപ്പാക്കി ഹൈക്കോടതി

കൊച്ചി: ഷാർജയിൽ ജീവനൊടുക്കിയ കൊല്ലം സ്വദേശിനി വിപഞ്ചികയുടെ മൃതദേഹം നാട്ടിലെത്തിക്കാൻ എംബസി നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു.

വിപഞ്ചികയുടെ മൃതദേഹം നാട്ടിലെത്തിക്കാനും മകൾ വൈഭവിയുടെ മൃദേഹം ഷാർജയിൽ സംസ്കരിക്കാനും നേരത്തെ ഇന്ത്യൻ എംബസിയിൽ നടന്ന മധ്യസ്ഥ ചർച്ചയിൽ തീരുമാനമായിരുന്നു. ഇക്കാര്യം ഇന്ത്യൻ എംബസി ഹൈക്കോടതിയെ അറിയിക്കുകയായിരുന്നു. ഇതോടെ മൃതദേഹം നാട്ടിലെത്തിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തീർപ്പാക്കുകയായിരുന്നു.

വിപഞ്ചികയുടെയും കുട്ടിയുടെയും മരണം കൊലപാതകമാണെന്ന് സംശയമുണ്ടെന്നും രണ്ടുപേരുടെയും മൃതദേഹങ്ങൾ ജന്മനാട്ടിലെത്തിച്ച് വീണ്ടും പോസ്റ്റുമോർട്ടം നടത്തണമെന്നും ആവശ്യപ്പെട്ട് വിപഞ്ചികയുടെ ബന്ധുവാണ് ഹൈക്കോടതിയിൽ ഹർജി നൽകിയത്. ഹർജിയിൽ വിപഞ്ചികയുടെ ഭർത്താവിനേയും ഇന്ത്യൻ എംബസിയേയും കക്ഷി ചേർക്കാൻ കോടതി ബുധനാഴ്ച നിർദേശിച്ചിരുന്നു. ഭർത്താവും കുടുംബവും യുവതിയെ മാനസികമായും ശാരീരകമായും പീഡിപ്പിച്ചിരുന്നെന്നും അത് പുറത്തുവരാതിരിക്കാനാണ് മൃതദേഹം നാട്ടിലേക്ക് കൊണ്ടുവരാത്തതെന്നാണ് വിപഞ്ചികയുടെ മാതൃസഹോദരി നൽകിയ ഹർജിയിൽ പറയുന്നത്.

കഴിഞ്ഞ 11 നാണ് ഷാർജയിലെ ഫ്ളാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. എംബിഎ ബിരുദധാരിയായ വിപഞ്ചിക ദുബായിലെ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുകയായിരുന്നു.

# സീറ്റ് ഒഴിവ്

കൊച്ചിൻ ഷിപ്പിയാഡും കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശ്ശേരിയും ചേർന്ന് 2021ന് ശേഷം ഐ ടി ഐ വെൽഡർ, ഫിറ്റർ/ഷീറ്റ് മെറ്റൽ ട്രേഡ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് മറൈൻ സ്ട്രക്ച്ചുറൽ ഫിറ്റർ ആൻഡ് ഫാബ്രിക്കേറ്റർ കോഴ്സിലേക്കു അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് കൊച്ചിൻ ഷിപ്പിയാഡിൽ പരിശീലനം ലഭിക്കും. മാസം 7,200 രൂപയാണ് സ്റ്റൈപ്പൻഡ്, പരിശീലനം പൂർത്തിയാക്കിയ മികവുറ്റ വിദ്യാർത്ഥികൾക്ക് ഷിപ്പിയാഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി ഉറപ്പാക്കും. കൂടുതൽ വിവരങ്ങൾക്ക്: 9495999725.



കർക്കിടകത്തിലെ ആരോഗ്യം' എന്ന വിഷയത്തിൽ കുടുംബശ്രീ സംസ്ഥാന മിഷൻ ജീവനക്കാർക്കായി സംഘടിപ്പിച്ച അവബോധ ശിൽപശാല എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ ഉദ്ഘാടനം ചെയ്യുന്നു

# 'കർക്കിടകത്തിലെ ആരോഗ്യം' കുടുംബശ്രീ സംസ്ഥാന മിഷൻ ജീവനക്കാർക്കായി അവബോധ ശിൽപശാല

തിരുവനന്തപുരം: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന മിഷൻ ജീവനക്കാർക്കായി 'ആരോഗ്യ കർക്കിടകം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച അവബോധ ശിൽപശാല കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ ഉദ്ഘാടനം ചെയ്തു.

കർക്കിടക മാസത്തിലെ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ ദിനചര്യകൾ, ആഹാരക്രമം, കൂടാതെ ധാന്യങ്ങൾ, പയറുവർഗങ്ങൾ, ഇലക്കറികൾ എന്നിവയുടെ പോഷക മൂല്യങ്ങൾ എന്നിവ സംബന്ധിച്ച് മാർത്താണ്ഡം മരിയ ആയുർവേദ മെഡിക്കൽ കോളേജ് ആൻഡ് ഹോസ്പിറ്റൽ അസോസിയേറ്റ് പ്രൊഫസറും വകുപ്പു മേധാവിയുമായ ഡോ. അനുപ ശിവപാൽ ക്ളാസ് നയിച്ചു. കുട്ടികൾ, മുതിർന്നവർ എന്നിവർ ഉൾപ്പെടെ കർക്കിടകത്തിൽ കഴിക്കേണ്ട ഭക്ഷണത്തെ കുറിച്ചും ക്ളാസിൽ വിശദീകരിച്ചു.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ കീഴിലുള്ള എഫ്.എൻ.എച്ച്.ഡബ്ളിയു പദ്ധതി, മാർക്കറ്റിങ്ങ് വിഭാഗം എന്നിവയുടെ നേതൃത്വത്തിലാണ് ക്ളാസ് സംഘടിപ്പിച്ചത്. ക്ളാസിനു ശേഷം കർക്കിടക കഞ്ഞിയും പത്തിലതോരനും വിതരണം ചെയ്തു.

'കർക്കിടകത്തിലെ ആരോഗ്യം' എന്ന വിഷയത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അവബോധ ക്ളാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

# പിക്കപ്പ് വാൻ നിയന്ത്രണം വിട്ടു കടയിലേക്ക് ഇടിച്ചുകയറി; രണ്ടുപേർക്ക് പരിക്ക്

കോന്നി: പുനലൂർ മുവാറ്റുപുഴ സംസ്ഥാന പാതയിൽ പിക്കപ്പ് വാൻ നിയന്ത്രണം വിട്ടു കടയിലേക്ക് ഇടിച്ചു കയറി. രണ്ടുപേർക്ക് പരിക്കേറ്റു. കോന്നി നെടുമൺകാവിൽ ഇന്നു രാവിലെ ആറരയോടെയാണ് അപകടം നടന്നത്.

കോന്നി ഭാഗത്ത് നിന്നും കലഞ്ഞൂർ ഭാഗത്തേക്ക് കോഴികളുമായി പോയ പിക്കപ്പ് വാഹനമാണ് അപകടത്തിൽപ്പെട്ടത്. എതിരെ വന്ന ബൈക്കിൽ ഇടിക്കാതിരിക്കാൻ വെട്ടിച്ചപ്പോൾ വാഹനത്തിന്റെ നിയന്ത്രണം വിടുകയായിരുന്നു എന്നാണ് പ്രാഥമിക വിവരം. അപകടസമയം കട അടച്ചിരുന്നതിനാൽ വലിയ ദുരന്തം ഒഴിവായി.

# പാമ്പുകടിയേറ്റ വിദ്യാർഥിനി ചികിത്സയിലിരിക്കെ മരിച്ചു

മാനന്തവാടി: പാമ്പുകടിയേറ്റ വിദ്യാർഥിനി ചികിത്സയിലിരിക്കെ ആശുപത്രിയിൽ മരിച്ചു. മാനന്തവാടി ആറാട്ടുതറ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനി വള്ളിയൂർക്കാവ് കാവുക്കുന്ന് പുള്ളിൽ വൈഗ വിനോദ് (16) ആണ് മരിച്ചത്. കഴിഞ്ഞ ദിവസമാണ് ശാരീരിക അസ്വസ്ഥതകളോടെ വിദ്യാർഥിനിയെ മാനന്തവാടി ഗവൺമെൻറ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കുട്ടിയെ വിദഗ്ധ പരിശോധനക്ക് വിധേയമാക്കിയതിലാണ് ശരീരത്തിൽ വിഷബാധയേറ്റതായി കണ്ടെത്തിയത്. ഇതിന് പിന്നാലെ പ്രതിവിഷം നൽകിയെങ്കിലും കുട്ടി ഗുരുതരാവസ്ഥയിലാകുകയായിരുന്നു. ഉടനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. പാമ്പ് കടിച്ച വിവരം കുട്ടിയോ വീട്ടുകാരോ അറിഞ്ഞിരുന്നില്ലെന്നാണ് പ്രാഥമിക വിവരം. ആശുപത്രിയിൽ എത്തിച്ചശേഷമാണ് വൈഗയുടെ കാലിൽ പാമ്പ് കടിയേറ്റ പാടുള്ളതായി തിരിച്ചറിഞ്ഞതെന്നാണ് വ്യക്തമാകുന്നത്.

# സ്കൂൾ ബസ് ഓടിക്കുന്നതിനിടെ ദേഹാസ്വാസ്ഥ്യം; ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു

തൃശൂർ: സ്കൂൾ ബസ് ഓടിക്കുന്നതിനിടെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു. കുരുവിലശേരി മാരിക്കൽ കരിപാത്ര സഹദേവൻ(64) ആണ് മരിച്ചത്. വേദനയ്ക്കിടയിലും സഹദേവൻ റോഡരികിലേക്ക് ബസ് സുരക്ഷിതമായി ഒതുക്കി നിർത്തി. ഇതിന് പിന്നാലെയാണ് കുഴഞ്ഞുവീണത്. ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ബുധനാഴ്ച വൈകിട്ട് നാലോടെയാണ് സംഭവം. പൂപ്പത്തി സരസ്വതിവിദ്യാലയത്തിലെ വിദ്യാർഥികളെയും കയറ്റി കുട്ടികളുടെ വീട്ടിലേക്കുള്ള യാത്രയ്ക്കിടെ അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു.

വാഹനത്തിൽ ഒമ്പത് വിദ്യാർഥികളും സ്കൂൾ ജീവനക്കാരിയും ഉണ്ടായിരുന്നു. സഹദേവൻ കുഴഞ്ഞുവീണപ്പോൾ ജീവനക്കാരി വാഹനത്തിൽനിന്ന് ഇറങ്ങി നാട്ടുകാരുടെ സഹായം അഭ്യർഥിച്ചു ഇതുവഴി വന്ന കാറിലാണ് സമീപത്തെ ആശുപത്രിയിലെത്തിച്ചത്. ഭാര്യ: രജനി. മക്കൾ: ശരണ്യ, നികേഷ്. മരുമകൻ: കൃഷ്ണകുമാർ.

# പി. കെ. ദിവാകരനെ സിപിഎം കോഴിക്കോട് ജില്ലാ കമ്മിറ്റിയിലേക്ക് തിരിച്ചെടുത്തു

കോഴിക്കോട്: പി. കെ. ദിവാകരനെ സിപിഎം കോഴിക്കോട് ജില്ലാ കമ്മിറ്റിയിലേക്ക് തിരിച്ചെടുത്തു. ബുധനാഴ്ച കോഴിക്കോട് ചേർന്ന സിപിഎം ജില്ലാ കമ്മിറ്റിയിലാണ് തീരുമാനം അറിയിച്ചത്. സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പങ്കെടുത്ത കമ്മിറ്റിയിലാണ് തീരുമാനം. ദിവാകരനെ കഴിഞ്ഞ ജില്ലാ സമ്മേളനത്തിൽ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കിയതിനെത്തുടർന്ന് വടകര മേഖലയിൽ വ്യാപകമായ പ്രതിഷേധങ്ങൾ നടന്നിരുന്നു. മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ നിന്ന് അണികൾ കൂട്ടമായി വിട്ടുനിന്നു പ്രതിഷേധിച്ചിരുന്നു. വടകരയിൽ പാർട്ടിയിൽ ഐക്യം കൊണ്ടുവരാൻ വേണ്ടിയാണ് ദിവാകരനെ തിരിച്ചെടുത്തത്. മുൻ ജില്ലാ സെക്രട്ടറി പി. മോഹനന്റെ സമ്മർദ്ദത്തെ തുടർന്നാണ് ദിവാകറിനെ ജില്ലാ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കി ആക്ഷേപം ഉണ്ടായിരുന്നു. വടകര മേഖലയിൽ നിന്നുള്ള ജനകീയ നേതാവാണ് മുൻ മണിയൂർ പഞ്ചായത്ത് പ്രസിഡൻറ് കൂടിയായ ദിവാകരൻ.

# ലിഫ്റ്റിന്റെ കേബിൾ പൊട്ടിവീണു; സെക്യൂരിറ്റി ജീവനക്കാരന് ദാരുണാന്ത്യം

കൊച്ചി: ലിഫ്റ്റിന്റെ കേബിൾ പൊട്ടിവീണ് സെക്യൂരിറ്റി ജീവനക്കാരന് ദാരുണാന്ത്യം. എറണാകുളം പ്രൊവിഡൻസ് റോഡിലുള്ള വളവി ആൻഡ് കമ്പനിയിലെ ജീവനക്കാരൻ കൊല്ലം പടപ്പക്കര ചരുവിള പുത്തൻവീട്ടിൽ എ. ബിജു(42) ആണ് മരിച്ചത്.

ഒന്നാം നിലയിലേക്ക് സാധനങ്ങൾ ഇറക്കി വയ്ക്കുന്നതിനിടെ ലിഫ്റ്റിന്റെ കേബിൾ പൊട്ടിവീഴുകയായിരുന്നു. അസ്വാഭാവിക മരണത്തിന് പൊലീസ് കേസെടുത്തിട്ടുണ്ട്.

പ്രിൻറിംഗ് സാധനങ്ങൾ ബിജു ലിഫ്റ്റ് വഴി ഒന്നാം നിലയിലേക്ക് എത്തിക്കുന്നതിനിടെയായിരുന്നു അപകടം. സാധനങ്ങൾ ഇറക്കി വയ്ക്കുന്നതിനിടെ ഒരു പായ്ക്കറ്റ് ബിജുവിന്റെ കൈയിൽ നിന്നു ലിഫ്റ്റിനുള്ളിൽ വീണു.

ലിഫ്റ്റിനു പുറത്തു നിന്ന് ഉള്ളിലേക്കു തലയിട്ട് ഇതു കുനിഞ്ഞെടുക്കുന്നതിനിടെ കേബിൾ പൊട്ടി ലിഫ്റ്റ് താഴേക്കു വീണതോടെ ലിഫ്റ്റിന്റെ മുകൾഭാഗം ബിജുവിന്റെ കഴുത്തിൽ വന്നിടിച്ചു.

ഇതോടെ തല ലിഫ്റ്റിനുള്ളിലും ശരീരം പുറത്തുമായി കുടുങ്ങി. അഗ്നിരക്ഷാ ഉദ്യോഗസ്ഥരും സെൻട്രൽ പൊലീസും ഉടൻ സ്ഥലത്തെത്തി ലിഫ്റ്റിന്റെ മുകൾ ഭാഗം ഉയർത്തി ബിജുവിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# മ്യൂസിയം ഓഡിറ്റോറിയം ഉദ്ഘാടനം ജൂലൈ 21 ന്

മ്യൂസിയം കോമ്പൗണ്ടിൽ ഗാർഡൻ ഓഫീസ് കെട്ടിടത്തിനോട് ചേർന്ന് പൊതുജന സേവനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് എആർ / വിആർ തീയറ്റർ, പ്ലാന്റ് നഴ്സറി, മിനി സെമിനാർ ഹാൾ എന്നിവയ്ക്ക് വിഭാവനം ചെയ്ത് പുതുതായി നിർമ്മിച്ച വിവിധോദ്ദേശ കെട്ടിടത്തിന്റെയും, ആധുനികമായി നവീകരിച്ച മ്യൂസിയം ഓഡിറ്റോറിയത്തിന്റെയും ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 21 വൈകിട്ട് 5.30 ന് തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിക്കും. രജിസ്ട്രഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷത വഹിക്കും.സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പിലെ മ്യൂസിയം ഓഡിറ്റോറിയം ആധുനിക സൗകര്യങ്ങളോടു കൂടി നവീകരണം പൂർത്തിയാക്കി. എൽ.ഇ.ഡി. ഡിസ്പ്ലേ വാൾ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, എയർ കണ്ടീഷൻ സംവിധാനം, ബി.എൽ.ഡി.സി. ഫാനുകൾ, മികച്ച പ്രകാശ സംവിധാനം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ തടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്.അഡ്വ. വി. കെ. പ്രശാന്ത് എം എൽ മുഖ്യപ്രഭാഷണം നടത്തുന്ന ചടങ്ങിൽ നഗരസഭ മേയർ ആര്യാ രാജേന്ദ്രൻ സ്വാഗതം ആശംസിക്കും.



കർക്കിടക വാവ് ബലിതർപ്പണവുമായി ബന്ധപ്പെട്ട വിലയിരുത്തൽ യോഗം മന്ത്രി വി.എൻ വാസവന്റെ അധ്യക്ഷതയിൽ ചേരുന്നു

# അഹമ്മദാബാദ് വിമാനാപകടം; സ്വിച്ചുകൾ ഓഫായതിൽ ക്യാപ്റ്റൻ സംശയനിഴലിലെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: അഹമ്മദാബാദ് വിമാനാപകടത്തിൽ ഫുവൽ സ്വിച്ചുകൾ ഓഫ് ചെയ്തത് ക്യാപ്റ്റനാണെന്ന് സംശയിക്കുന്നതായി റിപ്പോർട്ട്. എന്തിനാണാണ് സിച്ചുകൾ ഓഫ് ചെയ്തതെന്ന ചോദ്യം ഫസ്റ്റ് ഓഫീസർ ക്യാപ്റ്റനോടാണ് ചോദിച്ചതെന്നും വാർത്താ ഏജൻസിയായ റോയിട്ടേഴ്സിനെ ഉദ്ധരിച്ച് അമേരിക്കൻ മാധ്യമമായ വാൾ സ്ട്രീറ്റ് ജേർണൽ റിപ്പോർട്ട് ചെയ്തു.

അപകടസമയത്ത് വിമാനം പറത്തിയത് ഫസ്റ്റ് ഓഫീസറായിരുന്ന ക്ലൈവ് സുന്ദർ ആണെന്നായിരുന്നു പുറത്തുവന്ന വിവരം. ക്യാപ്റ്റൻ സുമീത് സബർവാൾ ആണ് ഒപ്പമുണ്ടായിരുന്നത്. ഒരു പൈലറ്റ് മറ്റേ പൈലറ്റിനോട് ഫുവൽ സ്വിച്ചുകൾ ഓഫ് ചെയ്തത് എന്തിനെന്ന് ചോദിക്കുന്ന വോയിസ് റെക്കോർഡ് ലഭിച്ചതായാണ് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ(എഎഐബി) നേരത്തേ പുറത്തുവിട്ട പ്രാഥമിക റിപ്പോർട്ടിൽ പറഞ്ഞിരുന്നത്.

പക്ഷേ ഏത് പൈലറ്റ് ആണ് ഈ ചോദ്യം ചോദിക്കുന്നതെന്ന വിവരം റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. പൈലറ്റുമാരുടെ സംഭാഷണമടക്കം എടുത്തുപറഞ്ഞുള്ള റിപ്പോർട്ട് വിമർശനങ്ങൾക്കും വഴിവച്ചിരുന്നു.

റിപ്പോർട്ട് സുതാര്യമല്ലെന്നും പൈലറ്റുമാരുടെ തലയിൽ പഴിചാരാനാണ് ശ്രമമെന്നും എയർലൈൻ പൈലറ്റ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസ്താവനയിറക്കിയിരുന്നു. പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങളിലേക്കെത്തരുതെന്നും അന്തിമ റിപ്പോർട്ടിന് കാത്തിരിക്കാമെന്നുമായിരുന്നു വ്യോമയാനമന്ത്രി കെ. രാംമോഹൻ നായിഡുവിന്റെ പ്രതികരണം.

# കർക്കിടക വാവ് ബലിതർപ്പണത്തിന് ഏകീകൃത ഫീസ് നിശ്ചയിക്കുമെന്ന് മന്ത്രി വി എൻ വാസവൻ

കർക്കിടക വാവ് ബലിതർപ്പണത്തിന് ഏകീകൃത ഫീസ് നിശ്ചയിക്കുമെന്നും ഇതിനായി ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. ബലിതർപ്പണത്തിന് ഇക്കൊല്ലം ദേവസ്വം ബോർഡ് കൂടുതൽ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ബലിതർപ്പണ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി തിരുവല്ലം പരശുരാമ ക്ഷേത്രം ആഡിറ്റോറിയത്തിൽ നടന്ന വിവിധ വകുപ്പുകളുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

മുൻ വർഷത്തെപ്പോലെ പരാതികളില്ലാത്ത ബലിതർപ്പണ വേദികൾ ഒരുക്കുകയാണ് ഇത്തവണയും ലക്ഷ്യം. ഇതിനായി എല്ലാ ക്രമീകരണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണം. തിരുവല്ലം ക്ഷേത്രത്തിന് സമീപം സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പോലീസും മോട്ടോർ വാഹന വകുപ്പും ഇടപെടണം. ബലിതർപ്പണത്തിനായി എത്തുന്നവർക്ക് ആവശ്യമായ വെള്ളം, മറ്റ് അടിസ്ഥാന ക്രമീകരണങ്ങൾ എന്നിവ ദേവസ്വം ബോർഡ് ഉറപ്പാക്കക്കണം. രാത്രിയിൽ ആളുകൾ എത്തുന്നത് പരിഗണിച്ച് എല്ലാ സ്ഥലത്തും ആവശ്യമായ വിളക്കുകളും വെളിച്ചവും കെ.എസ്.ഇ.ബി ഉറപ്പാക്കണം. കെ.എസ്.ആർ.ടി.സി ജീവനക്കാർക്കുള്ള താമസസൗകര്യം ഉൾപ്പെടെയുള്ള വിഷയങ്ങളിലുള്ള പരാതികൾ പരിഹരിക്കും. ശംഖുമുഖത്ത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ബോട്ടുകൾ മാറ്റുന്ന വിഷയത്തിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കും. സുരക്ഷാ ക്രമീകരണങ്ങൾക്കുള്ള സംവിധാനം ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് ഒരുക്കണം. ആവശ്യമായ ഇടങ്ങളിൽ സ്കൂബ സംഘങ്ങളെയും ലൈഫ് ഗാർഡുകളെയും പോലീസിനെയും വിന്യസിക്കണം. ആരോഗ്യ വകുപ്പിന്റെ മൊബൈൽ ടീമും സി.പി.ആർ. സൗകര്യങ്ങളോടുകൂടിയ പ്രധാനപ്പെട്ട സെന്ററും ബലിതർപ്പണ പരിസരത്ത് ഉറപ്പാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

ബലിതർപ്പണ കേന്ദ്രങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം ഉണ്ടാകാതിരിക്കാൻ നഗരസഭയും പൊലീസും ഗൗരവമായി ഇടപെടണം. തിരുവല്ലം ക്ഷേത്രപരിസരത്തെ മഴവെള്ളക്കെട്ട് ഒഴിവാക്കാൻ ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിക്കണം. ജലജന്യരോഗങ്ങളുടെ വ്യാപനം ഉണ്ടാവാനുള്ള സാധ്യത മുന്നിൽകണ്ട് തിളപ്പിച്ചാറ്റിയ വെള്ളം വിതരണം ചെയ്യണം. തിരുവല്ലം, ശംഖുമുഖം, അരുവിക്കര, വർക്കല, തിരുമുല്ലവാരം, ആലുവ ഉൾപ്പെടെയുള്ള പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ദേവസ്വം ബോർഡ് ഉറപ്പാക്കും. ബലിതർപ്പണ കേന്ദ്രങ്ങളിലെ താൽകാലിക ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉറപ്പാക്കണം. കർക്കിടക വാവ് ദിവസം രാവിലെ മുതൽ ഉച്ച വരെ മദ്യശാലകൾ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മാലിന്യ സംസ്കരണം. റോഡുകളുടെ അറ്റകുറ്റപ്പണികൾ. പാർക്കിംഗ് സൗകര്യങ്ങൾ ബയോ ടോയ്‌ലറ്റുകളുടെ വിന്യാസം, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, കടിവെള്ള വിതരണത്തിനായി ആവശ്യമെങ്കിൽ ടാങ്കറുകളുടെ വിന്യാസം തുടങ്ങിയ വിപുലമായ ഒരുക്കങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നഗരസഭകളും ജില്ലാ ഭരണകൂടങ്ങളും ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

ദേവസ്വം സെക്രട്ടറി എം ജി രാജമാണിക്യം, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവം; സ്വമേധയാ കേസെടുത്ത് ബാലാവകാശ കമ്മീഷൻ

തിരുവനന്തപുരം: എട്ടാം ക്ലാസ് വിദ്യാർഥി സ്കൂളിൽ വച്ച് ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. തേവലക്കര ബോയ്സ് സ്കൂളിലെ വിദ്യാർഥി മിഥുൻ (13) ആണ് ഷോക്കേറ്റ് മരിച്ചത്. ഇന്ന് രാവിലെ സ്കൂൾ കെട്ടിടത്തിനു മുകളിൽ വീണ ചെരുപ്പെടുക്കാൻ ശ്രമിക്കുമ്പോഴാണ് അപകടം. കളിക്കുന്നതിനിടെ ചെരുപ്പ് കെട്ടിടത്തിന് മുകളിലേക്ക് വീഴുകയായിരുന്നു. ഇതെടുക്കാനായി കുട്ടി കയറിയപ്പോഴാണ് ഷോക്കേറ്റത്. ഉടൻതന്നെ സ്കൂൾ അധികൃതരും സഹപാഠികളും ചേർന്ന് മിഥുനെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സമീപത്തെ വീട്ടിലേയ്ക്കുള്ള കെഎസ്ഇബിയുടെ ലൈൻ താഴ്ന്നു കിടക്കുകയായിരുന്നു. ഇതിൽ തട്ടിയാണ് കുട്ടിക്ക് ഷോക്കേറ്റത്. അതേസമയം വൈദ്യുതി ലൈൻ മാറ്റാൻ കെഎസ്ഇബിയോട് ആവശ്യപ്പെട്ടിരുന്നെന്നാണ് സ്കൂൾ അധികൃതരുടെ വാദം. എന്നാൽ അപകടസാധ്യത സ്കൂൾ അധികൃതരെ അറിയിച്ചിരുന്നെന്നാണ് കെഎസ്ബി അധികൃതർ അവകാശപ്പെടുന്നത്. ഷോക്കേൽക്കാത്ത ലൈൻ വലിക്കാമെന്ന് അറിയിച്ചിരുന്നെന്നും അധികൃതർ പറയുന്നു.

# ഓടുന്ന ബസിൽ പ്രസവം; 19 കാരിയും യുവാവും ചേർന്ന് കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞ് റോഡിലെറിഞ്ഞു

മുംബൈ: മഹാരാഷ്ട്രയിൽ ഓടികൊണ്ടിരുന്ന ബസിൽ പ്രസവിച്ച 19 കാരിയും ഭർത്താവെന്ന് അവകാശപ്പെടുന്ന യുവാവും കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞ് റോഡിലെറിഞ്ഞു.കുട്ടി തൽക്ഷണം തന്നെ മരിച്ചു. സ്ലീപ്പർ ബസിൽ യാത്ര ചെയ്തിരുന്ന യുവാവും യുവതിയുമാണ് കുട്ടിയെ പ്രസവിച്ചയുടൻ തന്നെ എറിഞ്ഞ് കൊലപ്പെടുത്തിയത്. റിതിക ധിരെ എന്ന യുവതിയും അൽത്താഫ് ഷെയ്ഖ് എന്ന യുവാവുമാണ് കൃത്യം നടത്തിയത്.കഴിഞ്ഞ ദിവസം രാവിലെയായിരുന്നു സംഭവം. സ്ലീപ്പർ ബസിൽ യാത്ര ചെയ്തിരുന്ന യുവതി യാത്രക്കിടെ ആൺകുഞ്ഞിന് ജന്മം നൽകുകയായിരുന്നു.

പിന്നാലെ ഇരുവരും കുട്ടിയെ തുണിയിൽ പൊതിഞ്ഞ് പുറത്തേയ്ക്ക് എറിയുകയായിരുന്നു. എന്തോ പുറത്തേയ്ക്ക് എറിയുന്നത് പോലെ തോന്നിയ ഡ്രൈവർ ഇവരോട് കാര്യം തിരക്കിയിരുന്നു. യാത്രയെ തുടർന്ന് ഭാര്യയ്ക്ക് ക്ഷീണം അനുഭവപ്പെട്ടതിനാൽ ജനലിലൂടെ ഛർദ്ദിച്ചതാണെന്നായിരുന്നു യുവാവിന്റെ മറുപടി. കുട്ടിയെ ബസിൽ നിന്നും എറിയുന്നത് കണ്ട പ്രദേശവാസി ഉടൻ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. പിന്നാലെ പോലീസെത്തി ഇവരെ പിടികൂടുകയായിരുന്നു. ഇരുവരുടെയും അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം യുവതിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതേ സമയം എറിഞ്ഞ ആഘാതത്തിൽ കുഞ്ഞ് മരിച്ചിരുന്നു.

ഇരുവരും വിവാഹിതരാണെന്ന് പറഞ്ഞെങ്കിലും ഇത് തെളിയിക്കുന്ന രേഖകൾ ഒന്നും സമർപ്പിക്കാനായിട്ടില്ലെന്നാണ് റിപ്പോർട്ട്.

## മലയാളി യുവതി കാനഡയിൽ മരിച്ച നിലയിൽ

ഒട്ടാവ: മലയാളി യുവതിയെ കാനഡയിലെ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തി. കൊല്ലം ഇരവിപുരം സ്വദേശിയും പനമൂട് ചാനക്കഴികം ആൻറണി വില്ലയിൽ ബെനാൻസിന്റെയും രജനിയുടെയും മകളുമായ അനീറ്റ ബെനാൻസ് (25) ആണ് മരിച്ചത്.

കഴിഞ്ഞ ചൊവ്വാഴ്ച ഉച്ചയ്ക്ക് ഒപ്പം താമസിക്കുന്നവരാണ് ടൊറൻറോയിലെ താമസസ്ഥലത്തെ ശുചിമുറിയിൽ മൃതദേഹം കണ്ടത്. തുടർന്ന് പോലീസെത്തി മൃതദേഹം ആശുപത്രിയിലേക്കു മാറ്റി. ഇന്നു പോസ്റ്റ്മോർട്ടം നടക്കും. ഇതിനു ശേഷമേ മരണകാരണം വ്യക്തമാകൂ.

ബിസിനസ് മാനേജ്മെൻറൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം കാനഡയിലെ ബാങ്കിൽ ജോലി ചെയ്യുകയായിരുന്നു അനീറ്റ.

## സ്വർണം മോഷ്ടിച്ച ശേഷം ക്ഷേത്രത്തിനുള്ളിൽ സുഖനിദ്ര; ജാർഖണ്ഡിൽ കള്ളനെ പിടികൂടി നാട്ടുകാർ

റാഞ്ചി: പണവും സ്വർണവും മോഷ്ടിച്ച് കടത്താൻ ശ്രമിച്ച കള്ളൻ ക്ഷേത്രത്തിനുള്ളിൽ തന്നെ കിടന്നുറങ്ങി. പിന്നാലെ നാട്ടുകാരെത്തി ഇയാളെ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. ജാർഖണ്ഡിലെ പടിഞ്ഞാറൻ സിംഗ്ബമ്മിലാണ് സംഭവം. പ്രദേശത്തെ കാളി ക്ഷേത്രത്തിൽ മോഷണത്തിനെത്തിയതായിരുന്നു പ്രതിയായ വീർ നായക്.

ക്ഷേത്രത്തിന്റെ പൂട്ട് തകർത്ത് അകത്ത് കയറിയ കള്ളൻ സ്വർണാഭരണങ്ങളും പണവുമെല്ലാം കൈകലാക്കിയ ശേഷം ദേവി വിഗ്രഹത്തിനടുത്ത് കിടന്ന് ഉറങ്ങി പോവുകയായിരുന്നു. രാവിലെ ക്ഷേത്ര പൂജാരിയെത്തിയപ്പോഴും ഇയാൾ ഇവിടെ കിടന്നുറങ്ങുകയായിരുന്നു. പിന്നാലെ നാട്ടുകാരെ വിളിച്ചു കൂട്ടി കള്ളനെ കയ്യോടെ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. താൻ മോഷണ ശ്രമം നടത്തിയെന്നും എന്നാൽ എപ്പോഴാണ് ഉറങ്ങി പോയതെന്ന് അറിയില്ലായെന്നും പ്രതി വെളിപ്പെടുത്തി. സംഭവത്തിൽ അന്വേഷണം നടന്നു വരികയാണ്. സംഭവത്തിന്റെ ദൃശ്യങ്ങൾ ഇതിനോടകം തന്നെ വൈറലാണ്.

## മൂന്നാം മത്സരത്തിൽ മിന്നും ജയം; ശ്രീലങ്കയ്ക്കെതിരായ ടി20 പരമ്പര സ്വന്തമാക്കി ബംഗ്ലാദേശ്

കൊളംബോ: ശ്രീലങ്കയ്ക്കെതിരായ ടി20 പരമ്പര സ്വന്തമാക്കി ബംഗ്ലാദേശ്. ഇന്ന് നടന്ന നിർണായകമായ മൂന്നാം മത്സരത്തിൽ വിജയിച്ചതോടെയാണ് പരമ്പര ബംഗ്ലാദേശ് സ്വന്തമാക്കിയത്. 2-1 നാണ് ബംഗ്ലാദേശ് പരമ്പര നേടിയത്.

പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയാണ് വിജയിച്ചത്. എന്നാൽ രണ്ടാം മത്സരത്തിലെ വിജയത്തോടെ ബംഗ്ലാദേശ് ഒപ്പമെത്തി. മൂന്നാം മത്സരത്തിൽ എട്ട് വിക്കറ്റിനാണ് ബംഗ്ലാദേശ് വിജയിച്ചത്.

കൊളംബോയിൽ നടന്ന മൂന്നാം മത്സരത്തിൽ ശ്രീലങ്ക ഉയർത്തിയ 133 റൺസ് വിജയലക്ഷ്യം 21 പന്ത് ബാക്കി നിൽക്കെ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ബംഗ്ലാദേശ് മറികടന്നു. അർധ സെഞ്ചുറി നേടിയ ഓപ്പണർ തൻസിദ് ഹസൻ തമീമിന്റെ വെടിക്കെട്ട് ബാറ്റിംഗിന്റെ മികവിലാണ് ബംഗ്ലാദേശ് മികച്ച വിജയം നേടിയത്.

73 റൺസാണ് തമീം എടുത്തത്. 47 പന്തിൽ ഒരു ബൗണ്ടറിയും ആറ് സിക്സും അടങ്ങുന്നതായിരുന്നു തമീമിന്റെ ഇന്നിംഗ്സ്. ലിറ്റൺ ദാസ് 32 റൺസും തൗഹിദ് ഹൃദോയ് 27 റൺസുമെടുത്തു.

ശ്രീലങ്കയ്ക്ക് വേണ്ടി നുവാൻ തുഷാരയും കമിന്ദു മെൻഡീസും ഓരോ വിക്കറ്റ് വീതമെടുത്തു.

## വാർത്താ വായനയ്ക്കിടെ ഇസ്രയേലിന്റെ ബോംബാക്രമണം; ഓടി രക്ഷപ്പെട്ട് അവതാരക

ഡമാസ്കസ്: സിറിയയുടെ പ്രതിരോധ മന്ത്രാലയ ആസ്ഥാനകവാടത്തിലും പ്രസിഡൻറിന്റെ കൊട്ടാരത്തിനുസമീപവും ഇസ്രയേൽ നടത്തിയ ബോംബാക്രമണത്തിന്റെ കൂടുതൽ ദൃശ്യങ്ങൾ പുറത്ത്. സിറിയിലെ ഔദ്യോഗിക ടിവി ചാനലിൽ വാർത്ത വായിക്കുന്നതിനിടെ പിന്നിൽ സ്ഫോടനം നടക്കുന്നത് കാണാം. തുടർന്ന് വാർത്താ അവതാരക ഓടി രക്ഷപ്പെടുന്നതും ദൃശ്യങ്ങളിലുണ്ട്. ഡമാസ്കസിലെ പ്രതിരോധ മന്ത്രാലയം ഉൾപ്പെടെയുള്ള പ്രധാന സർക്കാർ കെട്ടിടങ്ങൾ കേന്ദ്രീകരിച്ചാണ് ഇസ്രയേൽ വ്യോമാക്രമണം. തുടർച്ചയായ മൂന്നാം ദിവസവും ഇസ്രയേൽ സേന സിറിയയിൽ ആക്രമണം നടത്തി. ദക്ഷിണ സിറിയയിലെ സുവൈദ പ്രവിശ്യയിൽ സർക്കാർ സേനയ്ക്കെതിരെ പോരാടുന്ന ഡ്രൂസ് ഗോത്രവിഭാഗത്തിനു സൈനികപിന്തുണ നൽകാനാണ് ഇസ്രയേൽ വ്യോമാക്രമണം. സിറിയൻ സേനയുടെ ടാങ്കുകളെ ഉന്നമിട്ടും ഇസ്രയേലും വ്യോമാക്രമണം നടത്തി.

## ഉന്നത വിദ്യാഭ്യാസം: മുഖ്യമന്ത്രി ഇടപെടണമെന്നു വി. ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ മുഖ്യമന്ത്രിക്കു കത്ത് നൽകി. സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരും ഭൂരിഭാഗം സർക്കാർ കോളജുകളിൽ പ്രിൻസിപ്പൽമാരും ഇല്ലാത്തത് ഉന്നതവിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനു പുറമെയാണ് കേരള സർവകലാശാലയിൽ ഗവർണറും വിസിയും ഒരു ഭാഗത്തും റജിസ്ട്രാറും സിൻഡിക്കേറ്റും മറുഭാഗത്തും നിന്ന് പരസ്യമായി പോരടിക്കുന്നത്. അധികാര തർക്കത്തിനും എസ്എഫ്ഐ നടത്തിയ അക്രമ സമരങ്ങൾക്കും പിന്നാലെ കേരള സർവകലാശാലയിൽ രണ്ടു റജിസ്ട്രാർമാർ നിലനിൽക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്നും പ്രതിപക്ഷ നേതാവ് കത്തിൽ ചൂണ്ടിക്കാട്ടി.

## സിപിഎം മുൻ എംഎൽഎ അയിഷ പോറ്റി കോൺഗ്രസ് വേദിയിൽ

കൊല്ലം: സിപിഎം മുൻ എംഎൽഎ അയിഷാ പോറ്റി കോൺഗ്രസ് വേദിയിലേക്ക്. കോൺഗ്രസ് കൊട്ടാരക്കര ബ്ലോക്ക് കമ്മിറ്റി നടത്തുന്ന ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനത്തിലാണ് അയിഷാ പോറ്റി പങ്കെടുക്കുന്നത്. സിപിഎമ്മുമായി കുറേക്കാലമായി അകന്നു നിൽക്കുന്ന അയിഷാ പോറ്റി കോൺഗ്രസിൽ ചേർന്നേക്കുമെന്ന അഭ്യൂഹം പ്രചരിക്കുന്നതിടയിലാണ് കോൺഗ്രസ് സംഘടിപ്പിക്കുന്ന പരിപാടിയിൽ അയിഷാ പോറ്റി പങ്കെടുക്കുന്നത്. ഇന്നു കലയപുരം ആശ്രയ സങ്കേതത്തിൽ നടക്കുന്ന യോഗത്തിൽ ഉമ്മൻചാണ്ടി അനുസ്മരണ പ്രഭാഷണം നടത്തുന്നത് അയിഷാ പോറ്റിയാണ്. കൊടിക്കുന്നിൽ സുരേഷ് എംപി യോഗം ഉദ്ഘാടനം ചെയ്യും. ചാണ്ടി ഉമ്മൻ എംഎൽഎയും പരിപാടിയിൽ പങ്കെടുക്കും. മുൻ സഹപ്രവർത്തകൻ എന്ന നിലയിലാണ് അനുസ്മരണ സമ്മേളനത്തിൽ പങ്കെടുക്കുന്നതെന്ന് അയിഷാ പോറ്റി പ്രതികരിച്ചു. 'എനിക്കിപ്പോൾ പാർട്ടിയുമായി ബന്ധമില്ല. ഇഷ്ടമുള്ള കാര്യം ചെയ്യാമല്ലോ വിവിധ രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കുന്ന പരിപാടിണിതെന്നും' അയിഷാ പോറ്റി പറഞ്ഞു. സിപിഎം നേതൃത്വവുമായുള്ള വിയോജിപ്പുകളെ തുടർന്ന് കഴിഞ്ഞ കുറച്ച് കാലമായി അയിഷാ പോറ്റി പാർട്ടി പരിപാടികളിൽ നിന്ന് അകലം പാലിച്ചു വരുകയാണ്. ജില്ലാ കമ്മിറ്റി അംഗമായ അവർ വിയോജിപ്പുകളെ തുടർന്ന് സിപിഎം ജില്ലാസമ്മേളനത്തിൽ പോലും പങ്കെടുത്തിരുന്നില്ല. ഇതോടെ ജില്ലാ കമ്മിറ്റിയിൽ നിന്ന് അവരെ ഒഴിവാക്കുകയായിരുന്നു.

# മെഡിക്കൽ വിദ്യാർഥിനിയുടെ തിരോധാനം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പരാതി

മംഗളൂരു: ധർമസ്ഥലയിൽ നടന്നതായി പറയുന്ന കൂട്ടക്കൊലപാതകങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ 22 വർഷംമുമ്പ് ധർമസ്ഥലയിൽവച്ച് കാണാതായ മെഡിക്കൽ വിദ്യാർഥിനിയുടെ തിരോധാനത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പെൺകുട്ടിയുടെ അമ്മ പോലീസിൽ പരാതി നല്കി.

മണിപ്പാലിൽ എംബിബിഎസ് വിദ്യാർഥിനിയായിരുന്ന അനന്യ ഭട്ടിനെയാണ് 2003 ൽ സുഹൃത്തുക്കൾക്കൊപ്പം ധർമസ്ഥലയിലെത്തിയപ്പോൾ കാണാതായത്. അപ്പോൾതന്നെ പോലീസിൽ പരാതി നല്കിയിട്ടും യാതൊരു നടപടിയുമുണ്ടായിരുന്നില്ലെന്ന് അനന്യയുടെ അമ്മ സുജാത ഭട്ട് ധർമസ്ഥല പോലീസിൽ നല്കിയ പരാതിയിൽ പറയുന്നു.ബംഗളൂരു സ്വദേശിനിയായ സുജാത സിബിഐയിൽ സ്റ്റെനോഗ്രാഫറായി വിരമിച്ചതാണ്. ഇവർ കോൽക്കത്തയിൽ ജോലി ചെയ്തിരുന്ന കാലത്താണ് മകളെ കാണാതായത്. പോലീസിന്റെ ഭാഗത്തുനിന്ന് സഹായം ലഭിക്കില്ലെന്നു മനസിലായപ്പോൾ സ്വന്തം നിലയ്ക്ക് ധർമസ്ഥലയിലെത്തി അന്വേഷണം നടത്താൻ ശ്രമിച്ചിരുന്നതായും അപ്പോൾ ഒരു സംഘം ആളുകൾ തന്നെ ക്രൂരമായി ആക്രമിച്ച് അബോധാവസ്ഥയിലാക്കിയിരുന്നതായും പരാതിയിൽ പറയുന്നു. പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ മൃതദേഹങ്ങൾ കുഴിച്ചിട്ടതായി പറയുന്ന ഇടങ്ങൾ പരിശോധിക്കുമ്പോൾ അനന്യയുടെ മൃതദേഹാവശിഷ്ടങ്ങൾ തിരിച്ചറിയാൻ ഡിഎൻഎ പരിശോധന നടത്തണമെന്നാണു പരാതിയിലെ ആവശ്യം. സുഹൃത്തുക്കൾക്കൊപ്പം സ്വന്തം നിലയിലാണ് അനന്യ ധർമസ്ഥലയിലെത്തിയിരുന്നത്. അതുകൊണ്ടുതന്നെ കോളജ് അധികൃതർ പെൺകുട്ടിയെ കാണാതായതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുകയായിരുന്നു. പെൺകുട്ടി ആരുടെയെങ്കിലുംകൂടെ ഒളിച്ചോടി പോയതാകാമെന്നായിരുന്നു പോലീസിന്റെ നിഗമനം. അന്നു പരാതി നല്കാനെത്തിയ തന്നെ ബെൽത്തങ്ങാടി പോലീസ് സ്റ്റേഷനിൽനിന്ന് ഇറക്കിവിടുകയായിരുന്നുവെന്നും പിന്നീട് ധർമസ്ഥലയിലെത്തി ധർമാധികാരി ഡോ. വീരേന്ദ്ര ഹെഗ്ഡെയെ കണ്ട് സഹായം തേടാൻ ശ്രമിച്ചപ്പോഴാണ് വെളുത്ത യൂണിഫോമിലുള്ള ഒരു സംഘമാളുകൾ തന്നെ കെട്ടിയിട്ടു മർദിച്ച് അബോധാവസ്ഥയിലാക്കിയതെന്നും പരാതിയിൽ പറയുന്നു.

# ആലപ്പുഴയിൽ കാൽനടയാത്രക്കാരൻ സ്വകാര്യ ബസിടിച്ച് മരിച്ചു

ആലപ്പുഴ: ജില്ലാക്കോടതി പാലത്തിന് സമീപം കാൽനടയാത്രക്കാരൻ സ്വകാര്യ ബസിടിച്ച് മരിച്ചു. ഇരവുകാട് വാർഡ് അഭയ ഭവനത്തിൽ രവീന്ദ്രൻ നായർ (87) ആണ് മരിച്ചത്. ഇന്ന് വൈകുന്നേരം 5.45 ഓടെയാണ് സംഭവം. നിർത്താതെ പോയ ജുമന എന്ന ബസും ഡ്രൈവറെയും നോർത്ത് പോലീസ് കസ്റ്റഡിയിലെടുത്തു. രവീന്ദ്രൻ നായരെ ഇടിച്ചിട്ട ശേഷം ബസ് നിർത്താതെ പോയ വിവരം ഓട്ടോറിക്ഷാ ഡ്രൈവർമാരാണ് പോലീസിൽ അറിയിച്ചത്. പോലീസെത്തി രവീന്ദ്രൻ നായരെ ജീപ്പിൽ ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. നിർത്താതെ പൊയ ബസ് പ്രൈവറ്റ് ബസ് സ്റ്റാൻഡിൽനിന്ന് പിടികൂടി. വിമുക്ത ഭടനായ രവീന്ദ്രൻ നായർ സൈനിക ബോർഡിൽ പെൻഷൻ ആവശ്യത്തിനായി പോയി തിരികെ വരുമ്പോഴാണ് അപകടമുണ്ടായത്. ഭാര്യ: ലളിത നായർ. മക്കൾ: അഭയകുമാർ, സിന്ധു. മരുമക്കൾ: നീതു അഭയകുമാർ, ശശികുമാർ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ദേശീയ ശ്രദ്ധ നേടി ബിരിയാണിയും അങ്കണവാടി ഭക്ഷണ മെനുവും മുട്ടയും പാലും കുഞ്ഞൂസ് കാർഡും

## ദേശീയ സെമിനാറിൽ ബെസ്റ്റ് പ്രാക്ടീസസായി അവതരിപ്പിച്ച് കേരളത്തിന്റെ പദ്ധതികൾ

സംസ്ഥാന വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന അങ്കണവാടി ഭക്ഷണ മെനുവും മുട്ടയും പാലും നൽകുന്ന പോഷക ബാല്യം പദ്ധതിയും കുഞ്ഞൂസ് കാർഡും രാജ്യത്തെ മികച്ച ബെസ്റ്റ് പ്രാക്ടീസസ് പദ്ധതികളുടെ കൂട്ടത്തിൽ അവതരിപ്പിച്ചു. ചീഫ് സെക്രട്ടറിമാരുടെ മീറ്റിംഗിന് മുന്നോടിയായി സംഘടിപ്പിച്ച സെമിനാറിലാണ് ബെസ്റ്റ് പ്രാക്ടീസ് പദ്ധതിയായി സംസ്ഥാന വനിത ശിശുവികസന വകുപ്പിന്റെ പദ്ധതികൾ അവതരിപ്പിച്ചത്. വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫാണ് പ്രസന്റേഷൻ നടത്തിയത്. വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ പങ്കെടുത്തു.

കുട്ടികളുടെ ക്ഷേമത്തിനായി വനിത ശിശുവികസന വകുപ്പ് നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ സർക്കാരിന്റെ കാലത്ത് വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളാണ് മുട്ടയും പാലും നൽകുന്ന പോഷകബാല്യം പദ്ധതിയും അങ്കണവാടി ഭക്ഷണ മെനുവും കുഞ്ഞൂസ് കാർഡും.

ആഴ്ചയിൽ 2 ദിവസം ആരംഭിച്ച മുട്ടയും പാലും പദ്ധതി ആഴ്ചയിൽ മൂന്ന് ദിവസമാക്കി.

അങ്കണവാടി പ്രീസ്കൂൾ കുട്ടികളുടെ വികാസ മേഖലകളുടെ പുരോഗതി വിലയിരുത്തുന്നതിനായാണ് 'കുഞ്ഞൂസ് കാർഡ്' വനിത ശിശു വികസന വകുപ്പ് പുറത്തിറക്കിയത്. വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ ശിശുരോഗ വിദഗ്ധരും തിരുവനന്തപുരം സിഡിസിയിലെ വിദഗ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചാണ് ഇത്തരമൊരു കാർഡ് പുറത്തിറക്കിയത്.

അങ്കണവാടിയിൽ ബിരിയാണി തുടങ്ങിയ ഭക്ഷണങ്ങൾ ഉൾപ്പെടുത്തിയാണ് ആദ്യമായി ഏകീകൃത മാതൃകാ ഭക്ഷണമെനു തയ്യാറാക്കിയത്. പഞ്ചസാരയുടേയും ഉപ്പിന്റേയും അളവ് കുറച്ചുകൊണ്ട് കുട്ടികളുടെ ആരോഗ്യം ഉറപ്പാക്കി പോഷക മാനദണ്ഡ പ്രകാരം വളർച്ചയ്ക്ക് സഹായകമായ ഊർജവും പ്രോട്ടീനും ഉൾപ്പെടുത്തി രുചികരമാക്കിയാണ് ഭക്ഷണ മെനു തയ്യാറാക്കിയത്. മുട്ട ബിരിയാണി, പുലാവ് ഒക്കെ ഉൾപ്പെടുത്തിയാണ് മെനു ക്രമീകരിച്ചിട്ടുള്ളത്.

2024ൽ ജെൻഡർ ഓഡിറ്റ് നടത്തിയ കുട്ടികളുടെ പ്രവർത്തന പുസ്തകമായ അങ്കണപ്പൂമഴ, അങ്കണവാടി അധ്യാപന സഹായി അങ്കണത്തൈമാവ്, വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്ന കിളിക്കൊഞ്ചൽ, ഗോത്രവിഭാഗത്തിലെ കുട്ടികൾക്ക് വേണ്ടി അങ്കണത്തൈമാവ് ആധാരമാക്കി തയ്യാറാക്കിയ പിക്ചർ ഡിക്ഷണറി, കുഞ്ഞുങ്ങളുടെ ആദ്യ 1000 ദിനങ്ങൾ, സ്പെഷ്യൽ അങ്കണവാടി, ട്രിവാൻഡ്രം ഡെവലപ്മെന്റ് മോണിറ്ററിംഗ് കാർഡ് എന്നിവയും അവതരിപ്പിച്ചു.

# രാജ്യാന്തര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ആന്ദ്രെ റസൽ; അവസാന മത്സരം ഓസീസിനെതിരേ

ജമൈക്ക: വെസ്റ്റ് ഇൻഡീസ് ഓൾറൗണ്ടർ ആന്ദ്രെ റസൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ഓസ്ട്രേലിയയ്ക്കെതിരേ ജൂലൈ 21ന് ആരംഭിക്കുന്ന ട്വൻറി20 പരമ്പരയോടെ കളി മതിയാക്കാനാണ് തീരുമാനം. അഞ്ചുമത്സര പരമ്പരയിലെ ആദ്യ രണ്ടു മത്സരങ്ങളും നടക്കുന്നത് താരത്തിന്റെ ഹോം ഗ്രൗണ്ടായ ജമൈക്കയിലെ സബീന പാർക്കിലാണ്. വിൻഡീസ് ക്രിക്കറ്റ് ബോർഡാണ് താരത്തിന്റെ വിരമിക്കൽ പ്രഖ്യപനം ഔദ്യോഗികമായി അറിയിച്ചത്. വെസ്റ്റ് ഇൻഡീസിനെ പ്രതിനിധീകരിക്കുക എന്നത് തന്റെ ജീവിതത്തിലെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണെന്ന് റസൽ സമൂഹമാധ്യമങ്ങളിൽ കുറിച്ചു. സ്വദേശത്ത് കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും മുന്നിൽ കളിക്കുന്നത് വളരെ ഇഷ്ടമാണ്. അവിടെ തന്റെ കഴിവുകൾ പ്രകടിപ്പിക്കാനും ഉയർന്ന നിലവാരമുള്ള പ്രകടനങ്ങൾ നടത്താനും കഴിഞ്ഞു. എല്ലാം അടുത്ത തലമുറയ്ക്കും പ്രോത്സാഹനമാകട്ടേ എന്നും റസൽ പറഞ്ഞു. 37ാം വയസിലാണ് 15 വർഷം നീണ്ട ക്രിക്കറ്റ് ജീവിതം റസൽ മതിയാക്കാൻ തീരുമാനിച്ചിരിക്കുന്നത്. 2010ൽ ശ്രീലങ്കക്കെതിരേയുള്ള ടെസ്റ്റ് മത്സരത്തിലായിരുന്നു റസലിന്റെ അരങ്ങേറ്റം. അരങ്ങേറ്റ മത്സരത്തിൽ രണ്ട് റൺസും ഒരു വിക്കറ്റും മാത്രമായിരുന്നു റസലിന് നേടാനായത്. പിന്നീട് താരം ടെസ്റ്റ് മത്സരം കളിച്ചിട്ടില്ല. അതേസമയം 54 ഏകദിന മത്സരങ്ങൾ കളിച്ച റസൽ 1,034 റൺസും 70 വിക്കറ്റുകളും നേടിയിട്ടുണ്ട്. 92 റൺസാണ് ഏകദിനത്തിലെ മികച്ച സ്കോർ. കൂടാതെ 84 ട്വൻറി20 മത്സരങ്ങളിൽ നിന്നും 1,078 റൺസും 61 വിക്കറ്റുകളും സ്വന്തമാക്കി. 71 റൺസാണ് മികച്ച സ്കോർ. 2012ലും 2016ലും ട്വൻറി20 ലോകകപ്പ് സ്വന്തമാക്കിയ വെസ്റ്റ് ഇൻഡീസ് ടീമിൽ അംഗമായിരുന്നു റസൽ.

ലോകത്തെ വിവിധ ടി20 ലീഗുകളിൽ സജീവമായ റസൽ 561 ട്വൻറി20 മത്സരങ്ങളിൽ നിന്ന് 9316 റൺസും 485 വിക്കറ്റുകളും നേടിയിട്ടുണ്ട്. അടുത്തിടെ, വിൻഡീസ് താരമായിരുന്ന 29കാരനായ നിക്കോളാസ് പുരാനും രാജ്യാന്തര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ആരാധകരെ ഞെട്ടിച്ചിരുന്നു.

# മകൻ നഷ്ടപ്പെട്ട വേദന; എച്ച്എമ്മിനും പ്രിൻസിപ്പലിനും എന്താണ് പണിയെന്ന് മന്ത്രി ശിവൻകുട്ടി

കൊല്ലം: തേവലക്കരയിൽ ഷോക്കേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ സ്കൂൾ അധികൃതർക്കെതിരേ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. എച്ച്എമ്മും അവിടുത്തെ മറ്റ് അധികാരികളും എന്നും കാണുന്നതല്ലേ ഈ വൈദ്യുതി ലൈൻ എച്ച്എമ്മിനും പ്രിൻസിപ്പലിനും ഒക്കെ എന്താണ് അവിടെ പണിയെന്നും മന്ത്രി ചോദിച്ചു.

കേരളത്തിലെ 14,000 സ്കൂളുകളും വിദ്യാഭ്യാസ ഡയറക്ടർക്കു നോക്കാൻ പറ്റില്ല. ഒരു മകനെ നഷ്ടപ്പെട്ട വേദനയാണുള്ളത്. അനാസ്ഥയുണ്ടെങ്കിൽ ഒരു വിട്ടുവീഴ്ചയുമില്ലാതെ നടപടി എടുക്കുമെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ തുറക്കുന്നതിനു മുൻപ് പല തവണ യോഗം ചേർന്ന് എല്ലാവരോടും സംസാരിച്ചതാണ്. വൈദ്യുതി ലൈൻ സ്കൂൾ വളപ്പിൽക്കൂടി പോകാൻ പാടില്ലെന്നതും അങ്ങനെയുണ്ടെങ്കിൽ നീക്കം ചെയ്യണമെന്നതും അതിലെ ഏറ്റവും പ്രധാനപ്പെട്ട നിർദേശമായിരുന്നു.

കെഎസ്ഇബിയുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റോടെയാണു സ്കൂളുകൾ പ്രവർത്തിക്കേണ്ടത്. പതിനാലായിരത്തോളം സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട്. വൈദ്യുതിലൈൻ ഷെഡിനോട് ചേർന്നാണു കിടക്കുന്നതെങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ പാടില്ലാത്തതാണ്. ഇവിടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടോ എന്നു പരിശോധിക്കും.

വൈദ്യുതി ലൈൻ കെഎസ്ഇബിയെ കൊണ്ടു മാറ്റിക്കേണ്ട ഉത്തരവാദിത്വം പ്രധാന അധ്യാപകനും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്കുമാണ്. പരിശോധിച്ച് വേണ്ട നടപടി എടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവം: സ്കൂളിലേക്ക് പ്രതിഷേധം, തടഞ്ഞ് പോലീസ്

കൊല്ലം: തേവലക്കരയിൽ എട്ടാംക്ലാസ് വിദ്യാർഥി സ്കൂളിൽ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്കൂൾ അധികൃതർക്കെതിരെ കൊലക്കുറ്റം ചുമത്തണമെന്നാവശ്യപ്പെട്ട് ബിജെപിയും യൂത്ത് കോൺഗ്രസും ആർഎസ്പിയും. പ്രധാനാധ്യാപികയുടെ ഓഫീസിന് മുന്നിലാണ് പ്രതിഷേധം നടക്കുന്നത്. സിപിഎം നിയന്ത്രണത്തിലുള്ള മാനേജ്മെൻറ് മറുപടി പറയണമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം. അപകടത്തിൽ മാനേജ്മെൻറിന് അനാസ്ഥയുണ്ടെന്നും നിരന്തരം നാട്ടുകാർ പരാതിപ്പെട്ടിട്ടും അധികൃതർ കാര്യമാക്കിയില്ലെന്നും പ്രതിഷേധക്കാർ ആരോപിച്ചു. സ്കൂൾ ഗേറ്റ് തുറക്കാനെത്തിയ പ്രതിഷേധക്കാരെ പോലീസ് തടഞ്ഞു. പിന്നാലെ സ്കൂൾ വളപ്പിലേക്ക് പ്രതിഷേധം വ്യാപിച്ചു. സ്കൂളിന് പുറത്തും പ്രതിഷേധിക്കുന്നുണ്ട്. നാട്ടുകാരും പ്രതിഷേധത്തിൽ പങ്കുചേർന്നിട്ടുണ്ട്.

തേവലക്കര ബോയ്സ് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥി മിഥുൻ (13) ആണ് സ്കൂളിൽവച്ച് ഷോക്കേറ്റ് മരിച്ചത്. ഇന്ന് രാവിലെ സ്കൂൾ കെട്ടിടത്തിനു മുകളിൽ വീണ ചെരുപ്പെടുക്കാൻ ശ്രമിക്കുമ്പോഴാണ് അപകടം. കളിക്കുന്നതിനിടെ ചെരുപ്പ് കെട്ടിടത്തിന് മുകളിലേക്ക് വീഴുകയായിരുന്നു. ഇതെടുക്കാനായി കുട്ടി കയറിയപ്പോഴാണ് ഷോക്കേറ്റത്. ഉടൻതന്നെ സ്കൂൾ അധികൃതരും സഹപാഠികളും ചേർന്ന് മിഥുനെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സമീപത്തെ വീട്ടിലേയ്ക്കുള്ള കെഎസ്ഇബിയുടെ ലൈൻ താഴ്ന്നു കിടക്കുകയായിരുന്നു. ഇതിൽ തട്ടിയാണ് കുട്ടിക്ക് ഷോക്കേറ്റത്. അതേസമയം വൈദ്യുതി ലൈൻ മാറ്റാൻ കെഎസ്ഇബിയോട് ആവശ്യപ്പെട്ടിരുന്നെന്നാണ് സ്കൂൾ അധികൃതരുടെ വാദം. എന്നാൽ അപകടസാധ്യത സ്കൂൾ അധികൃതരെ അറിയിച്ചിരുന്നെന്നാണ് കെഎസ്ബി അധികൃതർ അവകാശപ്പെടുന്നത്. ഷോക്കേൽക്കാത്ത ലൈൻ വലിക്കാമെന്ന് അറിയിച്ചിരുന്നെന്നും അധികൃതർ പറയുന്നു.

# പൂരം കലക്കലിൽ ഗൂഢാലോചനയുണ്ട്; എഡിജിപിക്കെതിരേ മൊഴി നൽകി മന്ത്രി കെ. രാജൻ

തിരുവനന്തപുരം: തൃശൂർ പൂരം കലക്കലിൽ എഡിജിപി അജിത് കുമാറിനെതിരെ റവന്യൂ മന്ത്രി കെ. രാജൻ മൊഴി നൽകി. ചില രാഷ്ട്രീയതാത്പര്യങ്ങൾക്കായി പൂരം കലക്കാനായി ഗൂഢാലോചന നടന്നെന്ന് മന്ത്രി പറഞ്ഞു. പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ജനപ്രതിനിധികൾ എന്ന നിലയിൽ പല കാര്യങ്ങളിലും ഇടപെടുന്നതിന് പരിമിതികൾ ഉണ്ടായിരുന്നു. ഈ സാഹചര്യം മുതലാക്കി ചില ഗൂഢാലോചനകൾ നടന്നെന്ന് മൊഴിയിൽ പറയുന്നു.

പല തവണ വിളിച്ചിട്ടും അജിത്കുമാർ ഫോൺ എടുത്തില്ലെന്നും മൊഴിയിലുണ്ട്. സിറ്റി പോലീസ് കമ്മീഷണർ അടക്കമുള്ളവരുടെ ഭാഗത്തുനിന്ന് ദേവസ്വങ്ങളുമായി പ്രശ്നം ഉണ്ടായപ്പോൾ അക്കാര്യം എഡിജിപിയെ നേരത്തേ തന്നെ അറിയിച്ചതാണ്. ഉന്നത ഉദ്യോഗസ്ഥനെന്ന നിലയിൽ സ്ഥലത്തുണ്ടാകണമെന്ന് അറിയിക്കുകയും താൻ ഉണ്ടാകുമെന്ന് എഡിജിപി ഉറപ്പ് നൽകുകയും ചെയ്തതാണ്. എന്നാൽ പൂരം കലങ്ങിയതിന് ശേഷം എഡിജിപിയെ ഫോണിൽ ബന്ധപ്പെട്ടെങ്കിലും കോൾ എടുക്കുകയോ തിരികെ വിളിക്കുകയോ ചെയ്തില്ല. എഡിജിപി ഒരു സ്വകാര്യ യാത്രയിലായിരുന്നെന്നാണ് പിന്നീട് അന്വേഷിച്ചപ്പോൾ അറിഞ്ഞതെന്നും മന്ത്രി മൊഴി നൽകി. ബുധനാഴ്ച രാത്രി പ്രത്യേക അന്വേഷണ സംഘത്തിന്റെ തലവൻ തോംസൺ ജോസാണ് മന്ത്രിയുടെ മൊഴിയെടുത്തത്. കേസിൽ നേരത്തെ കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ മൊഴിയും അന്വേഷണ സംഘം രേഖപ്പെടുത്തിയിരുന്നു.

# വിദ്യാർഥി സ്കൂളിൽവച്ച് ഷോക്കേറ്റ് മരിച്ച സംഭവം; വിദ്യാഭ്യാസമന്ത്രി റിപ്പോർട്ട് തേടി

കൊല്ലം: വിദ്യാർഥി സ്കൂളിൽവച്ച് ഷോക്കേറ്റ് മരിച്ച സംഭവത്തിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിറിപ്പോർട്ട് തേടി. അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി. കൊല്ലം ജില്ലയിലെ ഉന്നത വിദ്യാഭ്യാസ ഓഫീസർമാരോട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും നിർദേശം നൽകിയിട്ടുണ്ട്. സംഭവം അതീവ ദുഃഖകരമാണെന്നും മന്ത്രി പ്രതികരിച്ചു.

കുറ്റക്കാർക്കെതിരേ മുഖ്യം നോക്കാതെ നടപടിയെടുക്കും. ആരെയും രക്ഷപെടാൻ അനുവദിക്കില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.തേവലക്കര ബോയ്സ് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥി മിഥുൻ (13) ആണ് സ്കൂളിൽവച്ച് ഷോക്കേറ്റ് മരിച്ചത്. ഇന്ന് രാവിലെ സ്കൂൾ കെട്ടിടത്തിനു മുകളിൽ വീണ ചെരുപ്പെടുക്കാൻ ശ്രമിക്കുമ്പോഴാണ് അപകടം. കളിക്കുന്നതിനിടെ ചെരുപ്പ് ഷീറ്റിന് മുകളിലേക്ക് വീഴുകയായിരുന്നു. ഇതെടുക്കാനായി കുട്ടി ഷീറ്റിന് മുകളിലേക്ക് കയറിയപ്പോഴാണ് ഷോക്കേറ്റത്. ഉടൻതന്നെ സ്കൂൾ അധികൃതരും സഹപാഠികളും ചേർന്ന് മിഥുനെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കെഎസ്ഇബിയുടെ ലൈൻ ഷീറ്റിന് മുകളിലേക്ക് താഴ്ന്നു കിടക്കുകയായിരുന്നെന്നും ഇതിൽ തട്ടിയാണ് കുട്ടിക്ക് ഷോക്കേറ്റതെന്നുമാണ് പ്രാഥമിക വിവരം.

# കളിമൺ പാത്ര നിർമാണ മേഖലയിലടക്കം നവീന സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം: മന്ത്രി പി രാജീവ്

പുതിയ കാലത്തിനനുസരിച്ച് കളിമൺ പാത്ര നിർമാണ മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കേരളത്തിലെ കളിമൺപാത്ര നിർമാണ വിപണന മേഖലയുടെ ഭാവി സാധ്യതകൾ എന്ന വിഷയത്തിൽ തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കോവിഡിന് ശേഷം പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം വർധിച്ചു. സ്വാഭാവികമായി വിപണി ആവശ്യങ്ങൾക്കൊപ്പം നിർമിതിയുടെ രൂപം, ഭംഗി എന്നിവയിലൂടെ ഉപഭോക്താവിനാവശ്യമായ രീതിയിൽ ഉൽപ്പന്നങ്ങൾ എത്തിക്കാൻ കഴിയണം. കളിമൺ എടുക്കുന്നതിൽ നിലവിൽ നിയന്ത്രണങ്ങളുണ്ട്. എന്നാൽ 50 ടൺ വരെ കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കളിമൺ പാത്ര നിർമാണ തൊഴിലാളികളുടെ താമസ സ്ഥലത്തിന് ഉടമസ്ഥാവകാശമില്ലാത്തവർക്ക് നിയമപരമായി അത് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഓൺലൈൻ സംവിധാനമടക്കം ഉപയോഗിച്ച് വിപണി സാധ്യതകൾ ഉപയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

കളിമൺ പാത്ര നിർമാണ തൊഴിൽ മേഖലയെ വിപുലീകരിച്ച് തൊഴിലാളികളെ സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്ന് പട്ടിക ജാതി, പട്ടിക വർഗ, പിന്നാക്ക ക്ഷേമ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതി സൗഹൃദ നിർമിതി എന്ന നിലയിൽ കളിമൺ പാത്രങ്ങൾക്ക് വലിയ സ്വീകാര്യത ലഭിക്കുന്നുണ്ട്. തൊഴിലാളികൾ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത് സേവനങ്ങൾ പരമാവധി ഉപയോഗിക്കണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കെ എൻ കുട്ടമണി സ്വാഗതം ആശംസിച്ചു. മാനേജിംഗ് ഡയറക്ടർ ഷിബു എ റിപ്പോർട്ട് അവതരിപ്പിച്ചു. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ നെടുവത്തൂർ സുന്ദരേശൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ഡോ. അരുൺ. ജെ. ഒ, ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻചീഫ് ഡോ. ജെ. ജോസഫൈൻ എന്നിവർ ആശംസകൾ അർപ്പിച്ചു. പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി. സിദ്ധാർത്ഥൻ നന്ദി അറിയിച്ചു.

കേരളത്തിന്റെ തനത് കളിമൺപാത്ര നിർമ്മാണ കലയെ സംരക്ഷിക്കുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ജന പ്രതിനിധികൾ, വ്യവസായ വിദഗ്ദ്ധർ, അക്കാദമിക് വിദഗ്ദ്ധർ, പാരമ്പര്യ തൊഴിൽ സംരക്ഷകർ, തൊഴിലാളി പ്രതിനിധികൾ, കളിമൺപാത്ര നിർമ്മാതാക്കൾ എന്നിവർ ശിൽപ്പശാലയിൽ പങ്കെടുത്തു.



സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം മന്ത്രി പി രാജീവ് നിർവഹിക്കുന്നു

# എട്ടു മാറ്റങ്ങൾ; 'ജാനകി വി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള' തിയേറ്ററുകളിൽ

കൊച്ചി: വിവാദങ്ങൾക്കൊടുവിൽ 'ജാനകി വി. വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള' ഇന്ന് തിയേറ്ററുകളിലെത്തി. സെൻസറിംഗ് നടപടികൾ പൂർത്തിയാക്കി എട്ട് മാറ്റങ്ങളോടെയാണ് ചിത്രം റിലീസ് ചെയ്തത്.

മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി എന്നീ പതിപ്പുകളാണ് ഒന്നിച്ചു റിലീസ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ മാസം 27ന് റിലീസ് നിശ്ചയിച്ചിരുന്ന സിനിമയിൽ 'ജാനകി' എന്ന പേരുമാറ്റാതെ പ്രദർശനാനുമതി നൽകില്ല എന്ന് സെൻസർ ബോർഡ് നിലപാടെടുക്കുകയായിരുന്നു. സിനിമയിലെ കോടതി രംഗങ്ങളിലെ ഏഴ് ഭാഗങ്ങളിൽ ജാനകി എന്ന പേര് മ്യൂട്ട് ചെയ്തിട്ടുണ്ട്.

സർട്ടിഫിക്കറ്റ് നൽകിയെന്ന് സെൻസർ ബോർഡ് അറിയിച്ചതിന് പിന്നാലെ ബുധനാഴ്ച ഹൈക്കോടതി കേസ് തീർപ്പാക്കിയിരുന്നു. അതേസമയം സിനിമയുടെ ടീസറിലും മുമ്പേ ഇറക്കിയ പോസ്റ്ററിലും ജാനകി വി. വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന പേര് മാറ്റാത്തതുകൊണ്ട് ഹർജിക്കാർക്കെതിരേ നടപടി ഉണ്ടാകരുതെന്നും കോടതി വ്യക്തമാക്കുകയുണ്ടായി.

ടീസറിന് സെൻസർ ബോർഡ് നേരത്തെ അനുമതി നൽകിയിരുന്നു. ഇതിന് ശേഷമാണ് ജാനകി എന്ന പേര് മാറ്റണമെന്ന് നിർദേശിച്ച് സിനിമയ്ക്ക് പ്രദർശനാനുമതി നിഷേധിച്ചത്. മാനഭംഗത്തിന് ഇരയാകുന്ന നായികയ്ക്ക് സീതാദേവിയുടെ പര്യായമായ ജാനകിയുടെ പേര് നൽകിയതാണ് സെൻസർ ബോർഡിന്റെ എതിർപ്പിന് കാരണമായത്. തുടർന്ന് സിനിമയുടെ ടൈറ്റിലിലും ഉള്ളടക്കത്തിലും മാറ്റങ്ങൾ വരുത്തിയ പുതിയ പതിപ്പിനാണ് അനുമതി നൽകിയത്. ടീസറിലടക്കം പേര് മാറ്റുന്നതിലെ ചെലവ് ചൂണ്ടിക്കാട്ടി ഇക്കാര്യത്തിൽ ഇളവ് വേണമെന്ന് ഹർജിക്കാർ ആവശ്യമുന്നയിച്ചു. ഇത് കോടതി അനുവദിക്കുകയായിരുന്നു.

# സമാജ്‌വാദി പാർട്ടി എംപിയുടെ പരാതി; എഡിഎമ്മിനെതിരെ അന്വേഷണം

ലക്നോ: സമാജ്‌വാദി പാർട്ടി (എസ്പി) എംപി ഇഖ്റ ഹസന്റെ പരാതിയെ തുടർന്ന് സഹാറൻപൂർ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെതിരെ (എഡിഎം) അന്വേഷണത്തിന് ഉത്തരവ്.

പ്രാദേശിക വിഷയങ്ങൾ ചർച്ച ചെയ്യാൻ എഡിഎമ്മിന്റെ ഓഫീസിലെത്തിയ തന്നോടും ഷമാൽപൂർ നഗർ പഞ്ചായത്ത് ചെയർപേഴ്സൺ ഷാമ പർവീനോടും ഉദ്യോഗസ്ഥർ മോശമായി പെരുമാറിയെന്നും ഇവിടെ നിന്നും പോകണമെന്ന് ആവശ്യപ്പെട്ടുവെന്നും കൈരാന എംപിയായ ഇഖ്റ ഹസൻ ആരോപിക്കുന്നു. ജൂലൈ ഒന്നിന്, തന്റെ മണ്ഡലത്തിലെ പ്രശ്നങ്ങൾ എഡിഎം സന്തോഷ് ബഹാദൂർ സിംഗുമായി ചർച്ച ചെയ്യാനാണ് താൻ സ്ഥലത്തെത്തിയത്. എന്നാൽ എഡിഎം ഭക്ഷണം കഴിക്കാൻ പുറത്തുപോയെന്ന മറുപടിയാണ് തങ്ങൾക്ക് ലഭിച്ചത്. കൂടാതെ എഡിഎമ്മിനോട് പറയാനുള്ള കാര്യങ്ങൾ എഴുതി നൽകാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

പിറ്റേ ദിവസം ഉച്ചകഴിഞ്ഞ് എഡിഎമ്മിന്റെ ഓഫീസിൽ തങ്ങൾ വീണ്ടുംപോയി. എന്നാൽ അവിടെ എത്തിയപ്പോൾ എഡിഎമ്മിന്റെ പെരുമാറ്റം ഒട്ടും മാന്യമായിരുന്നില്ലെന്നും തങ്ങളോട് ഓഫീസിൽ നിന്നും ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ടുവെന്നും എംപി ആരോപിക്കുന്നു.

സംഭവവുമായി ബന്ധപ്പെട്ട് ഇഖ്റ ഹസൻ, പ്രിൻസിപ്പൽ സെക്രട്ടറി, സഹാറൻപൂർ ഡിവിഷണൽ കമ്മീഷണർ അടൽ കുമാർ റായി എന്നിവർക്ക് പരാതി നൽകുകയായിരുന്നു.